# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

January - February 2026 No. 1/26




For Private Circulation Only

# CHRAISTHAVA VANITHA

*For Private Circulation Only*

Founder Editor

**Annamma Charles John**

(A Good News Educational Society Publication)

**This is a publication solely for the propagation of the Word of God and thus for the encouragement and edification of the people of God**



**Editorial Committee**

**Mrs. Sherine Kingston, Mrs. Jessy Bensen**
**Mrs. Sobha Selin, Mr. George John**



**Articles for publication should be sent to:**
**Mrs. Sherine Kingston, P.O. Box 2501, MCPO**
**Trivandrum 695011 or by email to**
**sherinekingston@gmail.com. Mob : +919087144349**


## ഉള്ളടക്കം


- അരാമിലെ എബ്രായ ബാലിക....1
- എന്നിലെ (ഞാൻ) ആരെന്നുതിരിച്ചറിയുക....4
- കാൽവരി രക്തത്തിന്റെ ശക്തി....7
- ക്രിസ്തീയ ജീവിതത്തിലെ 7 പടികൾ....9
- അവളോടു ഹൃദ്യമായി സംസാരിക്കും....12
- ദീർഘക്ഷമയും പാപക്ഷമയും....16
- കാൽവരിയിലെ പ്രശംസ....19
- ദൈവമക്കളുടെ അഭയസ്ഥാനം....22
- ധാരാളമായ പ്രവേശനം....26
- അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത ദൈവം....28
- ആരാ നിങ്ങളുടെ നേതാവ് ?....31
- Abraham: A man of faith and peace....35
- Quest 5....cover iv

# അരാമിലെ എബ്രായ ബാലിക
## (2 രാജാ. 5:1–19)

പഴയനിയമത്തിലെ അതിവിശിഷ്ടവും ഭക്തിസംവർദ്ധകവുമായ സംഭവങ്ങളിൽ പ്രാധാന്യമേറിയ ഒന്നാണ് നയമാന്റെ കഥ. അരാം രാജാവായ ബെൻഹദദിന്റെ സേനാനായകൻ നയമാൻ പരാക്രമശാലിയായിരുന്നു. യിസ്രയേലിനോടു യുദ്ധം ചെയ്ത് അവരെ തോല്പിച്ച് രാജ്യം കവർച്ച ചെയ്തകൂട്ടത്തിൽ അവിടെനിന്നും പിടിച്ചുകൊണ്ടുപോയ ഒരു ചെറിയ പെൺകുട്ടിയാണ് കഥാനായിക. പേരിനാൽ അറിയപ്പെടുന്നില്ല. എങ്കിലും തിരുവചനത്തിൽ സുപ്രധാനമായ ഒരു സ്ഥാനം അവൾക്കുണ്ട്.

മാതാപിതാക്കളിൽനിന്ന് പിടിച്ചെടുത്ത് അടിമയായി ദമ്മേശേക്കിലേക്ക് കൊണ്ടുവന്ന ആ പെൺകുട്ടി എത്രമാത്രം ഭയപരവശയായിത്തീർന്നിരിക്കും! പ്രിയപ്പെട്ടവരിൽനിന്നും വേർപെട്ട്, ശത്രുക്കളുടെ കൈയിലകപ്പെട്ട ആ കുട്ടിക്ക് ലോകത്തിൽ ആരും തന്നെ ആശ്രയമായി ഉണ്ടായിരുന്നില്ല. എന്നാൽ ചെറുപ്പത്തിലെ തന്നെ യിസ്രായേലിന്റെ ദൈവത്തെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യുവാനുള്ള പരിശീലനം മാതാപിതാക്കളിൽനിന്നും അവൾക്കു ലഭിച്ചിരുന്നു. അരാമ്യരാജ്യത്തെ വിഗ്രഹാരാധകരുടെയിടയിൽ ജീവിച്ചിരുന്നെങ്കിലും അവൾ സ്വന്തം വിശ്വാസം മുറുകെ പിടിച്ചു.

സേനാപതിയായ നയമാന്റെ ഭവനത്തിലെത്തിയ അടിമപ്പെൺകുട്ടി നയമാന്റെ ഭാര്യയുടെ ഭൃത്യയായി. ആ സ്ത്രീയുടെ പേരും അജ്ഞാതം! എന്നാൽ അവളുടെ സ്നേഹാർദ്രമായ വർത്തമാനരീതി പെൺകുട്ടിക്ക് തെല്ലൊരു ആശ്വാസമരുളി. ആ സ്ത്രീ ഈ അനാഥകുട്ടിയെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്തു. പെൺകുട്ടി ജീവിതത്തിലും, ഇടപാടുകളിലും വിശ്വസ്തയാണെന്ന് യജമാനത്തി മനസ്സിലാക്കി. അതിനാലാണ് തന്നെ രാപ്പകൽ കാർന്നുതിന്നുകൊണ്ടിരുന്ന വേദനാഭരിതമായ ആ ഭീകരവാസ്തവം തന്റെ ഭർത്താവ് പരാക്രമിയും, മഹാനും, മാന്യനും ആണെങ്കിലും ഒരു കുഷ്ഠരോഗി ആണെന്നുള്ള ദാരുണ വാർത്ത തന്റെ ഭൃത്യയോടു പറഞ്ഞതു. നിർഭാഗ്യവതിയായ യജമാനത്തിയുടെ ദുഃഖത്തിൽ അവളും പങ്കുകൊണ്ടു, ആ കുരുന്നു ഹൃദയം വേദനിച്ചു.

ഒരു നാൾ പെൺകുട്ടി യജമാനത്തിയെ സമീപിച്ച് പറഞ്ഞു, "യജമാനൻ ശമര്യയിലെ പ്രവാചകന്റെ അടുത്ത് ഒന്നുചെന്നിരുന്നെങ്കിൽ അവൻ അവന്റെ കുഷ്ഠരോഗം മാറ്റിക്കൊടുക്കുമായിരുന്നു.

പ്രവാചകൻ നിശ്ചയമായും കുഷ്ഠരോഗിയെ സൗഖ്യമാക്കുവാൻ പ്രാപ്തനാണെന്ന് ആ കുട്ടി പരിപൂർണ്ണമായി വിശ്വസിച്ചിരുന്നു. അവൾ തന്റെ രാജ്യത്തുവച്ച് എലീശയെക്കുറിച്ച് കേട്ടിരിക്കാം. പരിഹാസിക ളായ ബാലന്മാരെ പ്രവാചകൻ യഹോവയുടെ നാമത്തിൽ ശപിച്ചപ്പോൾ, രണ്ടു പെൺ കരടികൾ അവരിൽ നാല്പത്തിരണ്ടുപേരെ കീറിക്കളഞ്ഞ കഥ അവൾ കേട്ടിരിക്കും. ശൂനേംകാരത്തിയുടെ മരിച്ചുപോയമകനെ ജീവിപ്പിച്ച കഥ അവളെ പുളകം കൊള്ളിച്ചിരിക്കാം. ആ പ്രവാചകന് തന്റെ യജമാനനെ സൗഖ്യമാക്കുവാൻ തീർച്ചയായും കഴിവുണ്ടെന്ന് അവൾ വിശ്വസിച്ചു രാജാവിന്റെ സേനാപതിയെ യിസ്രായേലിലേക്കു പറഞ്ഞയച്ചിട്ട് കാര്യം സാധിക്കാതെ പോയാലോ എന്ന സംശയം അവൾക്കില്ലായിരുന്നു. അവൻ അതു ചെയ്യും എന്നാണ് അവൾ പറയു ന്നത്. യിസ്രായേലിന്റെ ദൈവമായ യഹോവയിലും അവന്റെ പ്രവാച കനിലും അവൾക്കുണ്ടായിരുന്ന ശിശുസമാനമായ നിഷ്കളങ്ക വിശ്വാസം ഇവിടെ പ്രത്യക്ഷപ്പെടുന്നു.

അടിമപ്പെൺകുട്ടിയാണെങ്കിലും അവളുടെ ജീവിതം വിശ്വാസ ത്തിനു സാക്ഷ്യം വഹിച്ചു. ലോകപ്രകാരം അവൾക്കു ഗണനീയമായ യാതൊരു സ്ഥാനവുമുണ്ടായിരുന്നില്ല. എങ്കിലും അവൾ ആയിരുന്ന സ്ഥാനത്തു ദൈവത്തിന്റെ സാക്ഷിയായിത്തീരുന്നു. പെൺകുട്ടിയുടെ വാക്കുകൾ നയമാനും വിശ്വസിച്ചു. അവൻ തന്റെ യജമാനനായ രാജാ വിന്റെ സന്നിധിയിൽ വിവരം ബോധിപ്പിക്കുന്നു. യഹോവയെയും, പ്രവാ ചകനെയും അറിഞ്ഞിട്ടില്ലാത്ത രാജാവ് തന്റെ പദവിക്കു തക്കവണ്ണം യിസ്രായേൽ രാജാവായ യോരാമിന് ഒരു കത്ത് കൊടുത്ത് നയമാനെ യാത്ര അയയ്ക്കുന്നു. യിസ്രായേൽ രാജാവാകട്ടെ, എഴുത്തു വായിച്ചു പരിഭ്രാന്തനായി. മനുഷ്യർക്ക് അസാദ്ധ്യമായുള്ള ഈ കാര്യം അരാം രാജാവ് തന്നോട് ആവശ്യപ്പെട്ടിരിക്കുന്നത് യുദ്ധത്തിനുള്ള ഒരു കാരണം മാത്രമാണെന്ന് യിസ്രായേൽ രാജാവ് വിചാരിച്ചു വിലപിച്ച് വസ്ത്രം കീറി. ദൈവപുരുഷനായ എലീശാ ഇതു കേട്ടപ്പോൾ നയമാനെ തന്റെ അടുക്കൽ അയയ്ക്കുവാൻ ആവശ്യപ്പെടുന്നു. അങ്ങനെ അവൻ യിസ്രാ യേലിൽ ഒരു പ്രവാചകൻ ഉണ്ട് എന്നറിയും എന്ന് എലീശാ ചൂണ്ടിക്കാട്ടി. പരിവാരസമേതനായി, കാഴ്ചവസ്തുക്കളുംകൊണ്ട് നയമാൻ എലീ ശായുടെ വസതിയിലേക്കു വന്നു, എന്നാൽ പ്രവാചകൻ അവനെ കാണാൻ കൂട്ടാക്കുന്നില്ല. തന്റെ ബാല്യക്കാരൻ വഴി ഒരു നിർദ്ദേശം നല്കുന്നു. "നീ ചെന്ന് യോർദ്ദാനിൽ ഏഴു പ്രാവശ്യം കുളിക്ക; അപ്പോൾ നിന്റെ ദേഹം മുമ്പിലത്തെപ്പോലെയായി നീ ശുദ്ധനാകും". നയമാൻ ക്രൂദ്ധിച്ചു. സുപ്രസിദ്ധനദികളായ അബാനയും, പർപ്പരും, ദമ്മേശെക്കിലുള്ളപ്പോൾ യിസ്രായേൽ ദേശത്തെ യോർദ്ദാനിൽ മുങ്ങു ന്നതിനാണോ താൻ ബദ്ധപ്പെട്ട് ഇവിടെ വന്നത്. തന്നെപ്പോലെ മഹാ നായ ഒരാൾ പരിവാരസമേതനായി എഴുന്നെള്ളിവന്നിരിക്കുമ്പോൾ പ്രവാചകൻ ആദരവോടെ വെളിയിൽ വന്ന് എതിരേറ്റും അത്ഭുതം

പ്രവർത്തിച്ച്, പൊടുന്നനവെ തന്നെ സൗഖ്യമാക്കുമെന്ന് അവൻ വിശ്വസിച്ചിരുന്നു. സ്വാഭാവികമായും നയമാൻ ക്രൂദ്ധനായി.

എന്നാൽ നയമാന്റെ ഭൃത്യന്മാർ അവനു ബുദ്ധിയുപദേശിച്ചു സാന്ത്വനപ്പെടുത്തുകയും ചെയ്തു, പ്രവാചകന്റെ ആജ്ഞ അനുസരിക്കുവാൻ അവർ അപേക്ഷിച്ചു. കൂടാതെ ശമര്യയിലെ പ്രവാചകന്റെ ശക്തിയെക്കുറിച്ച് അടിമപെൺകുട്ടി പ്രസ്താവിച്ചത് സ്മരിച്ചിരിക്കും.

പ്രവാചകന്റെ വാക്കുപോലെ നയമാൻ പ്രവർത്തിക്കയും അവൻ ശുദ്ധനായി അവന്റെ ദേഹം ചെറിയബാലന്റെ ശരീരംപോലെ ആയി. അവൻ സകലപരിവാരത്തോടുംകൂടെ എലീശയുടെ മുമ്പാകെ വന്നു നിന്നു. "യിസ്രായേലിൽ അല്ലാതെ ഭൂമിയിലെങ്ങും ഒരു ദൈവവുമില്ല എന്നു ഞാൻ ഇപ്പോൾ അറിയുന്നു". അരാമ്യനായ നയമാന്റെ സാക്ഷ്യം എത്രയോ അനുഗൃഹീതം!

വിഗ്രഹാരാധകനായിരുന്ന നയമാൻ "അടിയൻ ഇനി യഹോവയ്ക്കല്ലാതെ അന്യദൈവങ്ങൾക്കു ഹോമയാഗവും, ഹനനയാഗവും കഴിക്കയില്ല" എന്നു വാഗ്ദത്തം ചെയ്തു, യഹോവയ്ക്കു യാഗപീഠം പണിവാൻ യിസ്രായേലിൽനിന്നു രണ്ടുകോവർ കഴുതച്ചുമടു മണ്ണ് അരാമിലേക്ക് കൊണ്ടുപോയി. അവൻ മാത്രമല്ല അവനോടുകൂടെ വന്ന എല്ലാവരും യിസ്രായേലിന്റെ ദൈവത്തിൽ വിശ്വസിച്ചിരിക്കും.

മാത്രമല്ല, അരാം രാജാവായ ബെൻ-ഹദദ് തന്നെ എലീശയിലും, അവന്റെ ദൈവത്തിലും വിശ്വസിക്കുവാൻ ഈ സംഭവം ഇടയാക്കി. (2 രാജാ. 8:7,8). ചില നാളുകൾക്കുശേഷം എലീശാ ദമ്മേശെക്കിൽ ചെന്ന വിവരം ഗ്രഹിച്ച്, രോഗബാധിതനായി ശയ്യാവലംബിയായിരുന്ന ബെൻ-ഹദദ് തന്റെ സേവകനായ ഹസായേലിനോട് "ഈ ദീനം മാറി എനിക്കു സൗഖ്യം വരുമോ എന്ന് അവൻ മുഖാന്തരം യഹോവയോടു ചോദിക്ക എന്നു പറഞ്ഞു"

ഒരു ചെറിയ പെൺകുട്ടിയുടെ വലിയ സാക്ഷ്യം! ഒരു പക്ഷെ അവൾക്കു ജോലിക്കയറ്റമോ, സ്വാതന്ത്ര്യം തന്നെയോ അനുവദിച്ചിരിക്കും!

നമ്മുടെ പരിമിതമായ സാഹചര്യത്തിലും കർത്താവിനെ സാക്ഷിപ്പാൻ ലഭിക്കുന്ന സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ.

**മേരി അഞ്ചൻ**

(ശ്രീമതി മേരി അഞ്ചന്റെ ദേഹവിയോഗത്തിനുമുമ്പ് ജനുവരി - ഫെബ്രുവരി 2026-ലക്കം വനിതയ്ക്കുവേണ്ടി എഴുതി തന്ന എഡിറ്റോറിയൽ ആണ് ഇപ്രാവശ്യം പ്രസിദ്ധീകരിക്കുന്നത്)

# എന്നിലെ (ഞാൻ) ആരെന്നു തിരിച്ചറിയുക

വേദപുസ്തകത്തിൽ 51-ാം സങ്കീർത്തനം ഒന്നു മുതൽ നാലു വരെ നാം വായിക്കുമ്പോൾ "ദൈവമേ, നിന്റെ ദയെക്കു തക്കവണ്ണം എന്നോടു കരുണയുണ്ടാകേണമേ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചുകളയേണമേ. എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ, എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു; എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു. നിന്നോടു തന്നേ ഞാൻ പാപം ചെയ്തു........;

മുകളിൽ കണ്ട തിരുവചനശകലങ്ങളിൽ കാണുവാൻ കഴിയുന്നത് താൻ ചെയ്ത തെറ്റിനെ സ്വയനീതികരണം നടത്താതെയും, ന്യായീകരിക്കാതെയും, വിനയാന്വിതനായി പാപബോധത്തോടും, അനുതാപത്തോടുംകൂടി ദൈവസന്നിധിയിൽ നിലവിളിക്കുന്ന യിസ്രായേൽ രാജാവിന്റെ ഒരു ചിത്രമാണ്. എന്നാൽ തിരുവചനത്തിന് നമ്മോടു പറയാനുള്ളത് തെറ്റു പിണഞ്ഞാൽ സ്വയനീതികരണത്തിന് മുതിരാതെ പാപബോധത്തോടും, അനുതാപത്തോടുംകൂടി ഒരു മടങ്ങിവരവ് അനിവാര്യമാണെന്ന് അസന്നിഗ്ദമായി പറയുന്നു.

ഏകാന്തതയിലും, വിശ്രമവേളകളിലുമാണ് ഒരുവന്റെയുള്ളിൽ ചിന്തകൾ ചിറകുവിരിക്കുന്നത്. ആ സമയങ്ങളിലെ ചിന്തകൾ, ഏതു ദിശയിലേക്ക് തിരിയുന്നോ എന്നതിനെ ആശ്രയിച്ചിരിക്കും നമ്മുടെയുള്ളിൽ സന്തോഷം ഉത്ഭവമാകുന്നത്. അത് നിഷേധമാർഗ്ഗത്തിലേക്ക് തിരിച്ചുവിട്ടാൽ നമുക്കും മറ്റുള്ളവർക്കും ഹാനികരമായിത്തീരും. സൃഷ്ടിപരവും സർഗ്ഗാത്മകവുമായ പാതയിലേക്ക് തിരിച്ചുവിട്ടാൽ ഉത്സാഹവും സന്തോഷവും ഉളവാകും. അങ്ങനെ ഒരു ചിന്തയ്ക്ക് ചിറകുവിരിച്ച സ്വപ്നമാണ് ദാവീദ് ചെയ്ത പാപം.

പ്രിയപ്പെട്ടവരേ ഇന്നത്തെ നമ്മുടെ ശത്രു നാം തന്നെയാണ്. പലരും നമ്മെ പലവിധത്തിൽ ദ്രോഹിച്ചിട്ടുണ്ടാകാം. എന്നാൽ ഏറ്റവും കൂടുതൽ നമ്മുടെ ദുരന്തങ്ങൾക്ക് കാരണക്കാർ നമ്മുടെ തെറ്റായ ചിന്തകളാണ്. അത് നമ്മുടെ ആന്തരിക സംഘർഷത്തിനും വികാരവൈകല്യങ്ങൾക്കും വഴി തെളിയിക്കുമെന്നു മാത്രമല്ല അത് നമ്മുടെ മാനസികാരോഗ്യത്തെയും വൈകാരിക ഭാവത്തേയും ബാധിക്കും. ഇപ്പോൾ നമ്മെ

നിയന്ത്രിക്കുന്നത് ജഡമോഹങ്ങളും, ലോകയിമ്പങ്ങളുമാണല്ലോ. അതുമുഖാന്തരം നമുക്ക് നമ്മിലേക്ക് ഒന്നുതിരിഞ്ഞുനോക്കുവാനോ തിരുത്തലുകൾ വരുത്തുവാനോ സാധിക്കുന്നില്ല.

ഒന്നു ചിന്തിച്ചാൽ പരപ്രീതി നേടുവാനുള്ള നമ്മിലെ പ്രവണതയാണ് നമ്മെ പല പാപാവസ്ഥയിലേക്കും നയിക്കുന്നത്. അതുപോലെ തന്നെ ദൈവഹിതം നിറവേറ്റുന്നതിൽ നാം പരാജിതരാകുന്നതിന്റെ പ്രധാന കാരണവും പരപ്രീതി നേടുവാനുള്ള നമ്മുടെയുള്ളിലെ വ്യഗ്രതയുമാണ്. തിരുവചനം നമ്മോടു പറയുന്നു 1 തെസ്സ. 2:4 ഞങ്ങൾ മനുഷ്യരെയല്ല ഞങ്ങളുടെ ഹൃദയം ശോധന ചെയ്യുന്ന ദൈവത്തെയാണ് പ്രസാദിപ്പിപ്പാൻ നോക്കുന്നത്.

നമ്മിലെ വിശ്വാസത്തിന് ഭംഗം വരാൻ വളരെ സാദ്ധ്യതയുള്ള ഒരു മേഖലയാണ് മറ്റുള്ളവരുടെ അപ്രീതി ഭയന്നു നില്ക്കുക. അതു കാരണം നമ്മുടെയുള്ളിലെ സന്ദേഹത്തെ അതിജീവിച്ചു മുന്നേറാൻ കഴിയാതെ വരികയും അത് നമ്മെ വൈകാരികമായി മരവിപ്പിക്കുകയും തൻമൂലം പല പാപത്തിലേക്ക് വലിച്ചിഴയ്ക്കുക മാത്രമല്ല കാപട്യത്തിലേക്കും തന്ത്ര പ്രയോഗങ്ങളിലേക്കും നമ്മെ നയിക്കാനിടയാക്കുകയും ചെയ്യുന്നു.

നാം ആത്മികമരണം വരിച്ചവരാണോ? ഈ ലോകത്തിന്റെ പ്രഭു നമ്മെ ശേഷിപ്പില്ലാതെ വിഴുങ്ങിയോ? നമ്മുടെ ജീവിതം (എന്റെ) മർക്കൊസ് 7:6-ൽ പറയുന്നു "ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എങ്കൽനിന്നു ദൂരത്ത് അകന്നിരിക്കുന്നു". തുലനം ചെയ്യാം. നാം ആത്മിക മരണം വരിച്ചവരോ എങ്കിൽ നാറ്റം വച്ചവനായിരിക്കും. അത് നമ്മുടെ പ്രവ്യത്തികളിലൂടെയും, വാക്കുകളിലൂടെയും തിരിച്ചറിയാം. ഇനിയും ഞാനാരാണ്? എന്റെ വില എന്ത്? എന്റെ പദവി എന്ത്? എന്നോടു തന്നെ ഞാൻ ചോദിക്കുമ്പോൾ നമ്മുടെ ജീവിതത്തെ നാം നിസ്സാരമായി കാണുകയില്ല. എന്റെ നിയന്ത്രണം ആരുടെ കൈയിൽ? ദൈവം നോക്കുന്നതാരേ (എന്നെ) ഇങ്ങനെയുള്ള ചോദ്യങ്ങൾ വചനമെന്ന കണ്ണാടിയുമായി ഒത്തുനോക്കുമ്പോൾ വചനത്തിന്റെ മുമ്പിൽ (സ്വർഗ്ഗത്തിന്റെ അധികാരത്തിന്) കീഴ്പ്പെടുകയും അതിലൂടെ ബോധവും, ബോദ്ധ്യവും, ജ്ഞാനവും പരിജ്ഞാനവും, വിവേകവുമുള്ളവരായിത്തീരുകയും ചെയ്യും.

നമുക്ക് നമ്മുടെ ഹൃദയത്തെ ഒന്നു ശോധന ചെയ്യാം. ഞാൻ വെള്ളയടിച്ച ശവക്കല്ലറയോ? ഏദൻ മുതലുള്ള കൺമോഹം, കയീന്റെ പക, യാക്കോബിന്റെ തന്ത്രങ്ങൾ, ജഡത്തിന്റെ പ്രവൃത്തികൾ ഇവ മൂലമാണ് വചനം വളരാത്തത്. നമ്മുടെ ഹൃദയമാകുന്ന വയലിനെ ഉഴുതുമറിക്കാം.

അസൂയ, പിണക്കം, ശാഠ്യം ഇവയുടെ കുറ്റികൾ പറിച്ചുനീക്കാം. പകയാകുന്ന വള്ളിയെ വേരോടെ പിഴുതുകളയാം. ഭിന്നതയുടെയും, അശുദ്ധിയുടെയും ഉടഞ്ഞുപോകാത്ത കല്ലുകൾ പെറുക്കി കളയാം. ദ്വന്ദപക്ഷം, ദുഷ്കാമം എന്ന ചരലുകൾ വാരിക്കളയാം. അങ്ങനെ ഹൃദയമാകുന്ന വയലിനെ ഒരുക്കി ആത്മാവിന്റെ പ്രവൃത്തികളായ സ്നേഹം, സന്തോഷം, സമാധാനം – തുടങ്ങിയ വിത്തുകൾ വിതറി വളരാൻ അനുവദിക്കാം. കളകൾ വളരാതിരിക്കാൻ പ്രാർത്ഥനയാകുന്ന വേലി അധരയാഗമെന്ന സ്തോത്രവും നല്കി സംരക്ഷിക്കാം.

ദൈവം നോക്കുന്ന വ്യക്തി ഞാനായതുകൊണ്ട് ഇനിയും എന്റെ ജീവിതം പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലായിരിക്കണമെന്നുറപ്പു വരുത്തുക. പാപം വിതയ്ക്കപ്പെട്ടത് ഏദനിലായതുകൊണ്ട് കണ്ണുകളെ ലോകത്തിലുടക്കി കൃപകളെ നഷ്ടപ്പെടുത്തുമെന്നോർക്കുക. അതുകൊണ്ട് ദൈവത്തോടുള്ള പ്രതിബദ്ധതയിൽ നിന്നും ധാർമ്മികപ്രമാണങ്ങളോടുള്ള വിശ്വസ്തതയിൽ നിന്നും നമ്മെയകറ്റുന്ന സൗഹൃദങ്ങളെ നിരാകരിക്കുക. സകലവും അറിയുന്ന ദൈവത്തെ പ്രീതിപ്പെടുത്തുക എന്നതാണ് നമ്മുടെ പരമമായ ലക്ഷ്യം. അർത്ഥപൂർണ്ണവും പ്രയോജനപ്രദവും പ്രസക്തവുമായ കാര്യങ്ങളിൽ ശ്രദ്ധാപൂർവ്വം ഇടപെടുക. താൽക്കാലിക സന്തോഷം പരിത്യജിക്കാൻ തയ്യാറാവുക. ഏതു പ്രതിസന്ധിയിലും വാക്കുമാറാതിരിക്കുക. സ്തുതികൾകൊണ്ടും പ്രാർത്ഥനകൊണ്ടും മനസ്സു വ്യാപൃതമാക്കുക. മനസ്സിനെ പോഷിപ്പിക്കുന്നതും, ശക്തിപ്പെടുത്തുന്നതുമായ ചിന്തകൾ മനസ്സിലേക്ക് കടത്തിവിടുക. സ്വയം നീതീകരണവും, ന്യായീകരണവും നടത്താതെ എനിക്ക് തെറ്റിപ്പോയി എന്നു പറയുവാനുള്ള പക്വതയും, പരിജ്ഞാനവും ആർജ്ജിച്ചെടുക്കുക. അങ്ങനെ നാം നമ്മിലെ അശുദ്ധിയെ തിരിച്ചറിയുകയും വചനത്തോടു ചേർത്തുവച്ച് നമ്മെ തന്നെ ശുദ്ധീകരിക്കുന്ന പ്രക്രിയയിലേക്ക് പരിശുദ്ധാത്മാവ് ഓരോ നിമിഷവും നടത്തും. ഇങ്ങനെയുള്ള നല്ലൊരു ഒരുക്കം നമുക്ക് ഏവർക്കും സ്വർഗ്ഗസ്ഥനായ നമ്മുടെ കർത്താവ് നല്കി അനുഗ്രഹിക്കട്ടെയെന്നുള്ള പ്രാർത്ഥനയോടുകൂടി നിർത്തുന്നു.

**എത്സി തോമസ്, മേക്കരിങ്ങാട്ട്**

*"എനിക്കു പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കയും,*
*ശിക്ഷിക്കയും ചെയ്യുന്നു; ആകയാൽ നീ*
*ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക"*
*വെളി. 3:19*

# കാൽവരി രക്തത്തിന്റെ ശക്തി

സുവിശേഷത്തിന്റെ ജീവദായക ശക്തി യേശുവിന്റെ പുണ്യാഹ രക്തമാണ്. തിരുവചനത്തിൽ 700 പ്രാവശ്യം രക്തം എന്ന പദം ആവർത്തിക്കുന്നു. ലോകത്തിന്റെ പാപത്തെ നീക്കി നിത്യജീവൻ പ്രദാനം ചെയ്യുന്ന ദൈവകുഞ്ഞാടായ യേശുക്രിസ്തുവിന്റെ തങ്കനിണം ഉൽപത്തി മുതൽ വെളിപ്പാടുവരെയുള്ള എല്ലാ പുസ്തകങ്ങളിൽ കൂടിയും പാഞ്ഞൊഴുകുന്നതായി കാണാം.

രക്തത്തിൽ ജീവൻ നിലനില്ക്കുന്നു. ലേവ്യാ. 17:11, എബ്രായർ 9:20 രക്തത്തിന്റെ ജീവശാസ്ത്രം ഈ മേഖലയിലെ അറിവ് അഗാധമാണെങ്കിലും ഇന്നും നിഗൂഢതകളുടെ കലവറയായി രക്തം ശാസ്ത്രമുമ്പാകെ അവശേഷിക്കുന്നു, Metabolism (മെറ്റബോളിസം) രക്തചംക്രമണം (Blood Circulation) ശരീരത്തിന്റെ നിലനില്പിനുള്ള മർമ്മമാണ്. ജീവദ്രവ്യം (Plasma) എന്ന പദാർത്ഥമാണ് രക്തത്തിൽ അടങ്ങിയിട്ടുള്ളത്. മനുഷ്യശരീരത്തിലുള്ള ഒരു ഗ്യാലൻ രക്തം 23 സെക്കന്റു കൊണ്ട് ആകമാനം ഒന്നു ചുറ്റി പ്രദക്ഷിണം വെയ്ക്കുമ്പോൾ അതു കോശങ്ങൾക്കു പോഷകങ്ങൾ നല്കുകയും അവയിലെ ഉച്ഛിഷ്ടങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യുന്നു. ഇതിനെ മെറ്റബോളിസം എന്നു പറയുന്നു. 1 യോഹന്നാൻ 1:7 ൽ പറയുന്നു "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു".

**Platelets (ലഘു രക്താണുക്കൾ)**

രക്തത്തിലെ കട്ടിയായ ഭാഗം. വർണ്ണരഹിതമാണിത്. ഈ നേർത്ത കോശങ്ങളുടെ ധർമ്മം ഇന്നും ശാസ്ത്രലോകത്തിന് അജ്ഞാതമാണ്.

Hemoglobin : ഈ ചുവന്ന കോശങ്ങൾ ഇന്ധന വാഹികളാണ്. ശ്വാസകോശത്തിലൂടെ ഇവ കടക്കുമ്പോൾ നാം ശ്വസിക്കുന്നു. വായുവിലെ ഓക്സിജൻ വലിച്ചെടുത്ത് മറ്റ് എല്ലാ കോശങ്ങൾക്കും നല്കുന്നു. ഇതു മൂലമുണ്ടാകുന്ന രാസപ്രക്രിയയിൽ ശരീരത്തിന് ആവശ്യമായ ചൂട് ലഭിക്കുന്നു.

**Leucocytes : (വെളുത്ത രക്താണുക്കൾ)**

ഒരു ക്യൂബിക് മില്ലിലിറ്റർ രക്തത്തിൽ 4000 മുതൽ 7000 വരെയുള്ള ഈ കോശങ്ങൾ ശരീരത്തിലെ പ്രതിരോധസേനകളാണ്. ശരീരത്തിൽ രോഗാണുക്കൾ പ്രവേശിക്കുമ്പോൾ ഇവ യുദ്ധം ചെയ്യുന്നു. ഇവയുടെ പരാജയത്തിൽ മാത്രമേ ഓരോ രോഗവും ശരീരത്തെ ബാധിക്കുകയുള്ളൂ. ശരീരത്തിൽ മുറിവുണ്ടാകുമ്പോൾ ഈ സൈന്യം അവി

ടേക്ക് പാഞ്ഞ് എത്തുന്നു.  രക്തം അധികം വാർന്നുപോകാതിരിക്കാൻ മുറിവിൽ കൂട്ടം കൂട്ടമായി ഇവ മരണപ്പെട്ട് ഒടുവിൽ കട്ടിയായ ഒരു 'കോട്ട' അവർ സൃഷ്ടിക്കുന്നു. മുറിവുകളിൽ സാധാരണ കാണാറുള്ള പഴുപ്പും പൊറ്റയും ഇപ്രകാരം യുദ്ധത്തിൽ വീരചരമം പ്രാപിച്ച വെളുത്ത രക്താണുക്കളുടെ വ്യൂഹങ്ങളാണ്.

**Antitoxin (ആന്റിടോക്സിൻ)**

നമ്മുടെ രക്തത്തിൽ ആന്റിടോക്സിൻ അഥവാ ആന്റിബോഡി (Antibodies) കൾ അടങ്ങിയിട്ടുണ്ട്.  ഞരമ്പുകളോ രക്തക്കുഴലുകളോ മുറിവേൽക്കുമ്പോൾ രക്തം കട്ടിയായി തീരുന്നതിന് സഹായിക്കുന്ന ഒരു ഘടകമാണിത്. മാത്രമല്ല രോഗം പിടിപെടാതിരിക്കുവാനും ഒരിക്കൽ പിടിപെട്ടരോഗം പിന്നീട് വരാതിരിക്കുവാനും ഉള്ള പ്രതിരോധ ശക്തി ആന്റിബോഡികൾ നിലനിർത്തുന്നു.

**യേശുവിന്റെ രക്തം വിശ്വാസിയിൽ**

മാനവകുലത്തെ പാപത്തിൽനിന്നും വീണ്ടെടുക്കുവാൻ കാൽവരിയിൽ യേശുക്രിസ്തുവിന്റെ രക്തം അതെ 'ആന്റിടോക്സി'നായി ചൊരിയുകയാണുണ്ടായത്.  ഒരിക്കൽ പാപരോഗത്തിൽ നിന്നും വിടുതൽ പ്രാപിച്ചു കഴിഞ്ഞാൽ വീണ്ടും പാപം ആത്മിക മനുഷ്യനിൽ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ പ്രതിരോധ ശക്തി യേശുവിന്റെ രക്തത്തിനുണ്ട്  "ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല. അവന്റെ വിത്ത് അവനിൽ വസിക്കുന്നു. ദൈവത്തിൽ നിന്നു ജനിച്ചതിനാൽ അവന്നു പാപം ചെയ്‌വാൻ കഴിയുകയുമില്ല" (1 യോഹന്നാൻ 3:9, 5:18) രക്തമല്ലോ ജീവൻ മൂലമായി പ്രായശ്ചിത്തം ആകുന്നത്. (ലേവ്യപുസ്തകം 17:11-14) നിത്യജീവൻ നല്കുവാനുള്ള ശക്തി യേശുവിന്റെ രക്തത്തിനു മാത്രമാണുള്ളത് (എബ്രായർ 9:20, യോഹന്നാൻ 17:3).

അതെ തിരുവചനം വ്യക്തമാക്കുന്നു "നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ" (എഫെസ്യർ 6:12). എന്നാൽ അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; (വെളിപ്പാട് 12:11). അതെ യേശുവിന്റെ രക്തത്തിലെ ആത്മിക ഘടകങ്ങൾ വിശ്വാസിയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സേനകളാണ്.

പ്രിയമുള്ളവരേ യാതൊരു മൃഗയാഗങ്ങൾകൊണ്ടോ പുണ്യപ്രവൃത്തികൾകൊണ്ടോ മനുഷ്യനെ വീണ്ടെടുക്കുവാൻ സാദ്ധ്യമല്ല.  യേശുവിന്റെ രക്തത്തിനു മാത്രമേ അവനെ വീണ്ടെടുക്കുവാൻ കഴിയുകയുള്ളൂ,

**കുഞ്ഞുമോൾ ഈപ്പച്ചൻ, തിരുവനന്തപുരം**

# ക്രിസ്തീയ ജീവിതത്തിലെ 7 പടികൾ

ഒരു വ്യക്തിയുടെ ക്രിസ്തീയ ജീവിത വിജയത്തിന്റെ അടിസ്ഥാനം ക്രിസ്തുവിലുള്ള വിശ്വാസമാണ്. ഈ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു. (റോമ. 10:17) വിശ്വാസം എന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയ വുമാകുന്നു (എബ്രാ. 11:1).

വീണ്ടെടുക്കപ്പെട്ട ദൈവപൈതലിന്റെ ക്രിസ്തീയ ജീവിതാടി സ്ഥാനം യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ അംഗീകാരമാണ് (യോഹ.1:12). എന്റെ വചനം കേട്ട് അയയ്ച്ചവനിൽ വിശ്വസിക്കുക എന്ന താണ് (യോഹ. 5:24) ഈ വിശ്വാസം ഹൃദയത്തിൽ അംഗീകരിച്ച് ഏറ്റു പറയുമ്പോഴാണ് രക്ഷ സ്വായത്തമായി തീരുന്നത് (റോമ. 10:9). ഇപ്ര കാരം രക്ഷയുടെ അനുഭവത്തിലെത്തുന്ന സമയത്തു പരിശുദ്ധാത്മാ വിനാൽ മുദ്രയിടുകയും അതോടെ നിരവധി അനുഗ്രഹങ്ങൾ നല്കു കയും ചെയ്തിരിക്കുന്നു (എഫെ. 1:13,14). നമുക്ക് ലഭിക്കപ്പെട്ട വിശ്വാസം വിലയേറിയതാണ്.

വിലയേറിയത് എന്നതിന് ബഹുമാനയോഗ്യമായത് എന്നാണ്. പത്രൊസ് അപ്പൊസ്തലൻ ഈ വാക്ക് പല പ്രാവശ്യം ഈ ലേഖനങ്ങ ളിൽ ഉപയോഗിച്ചിരിക്കുന്നു. വിലയേറിയ വീണ്ടെടുപ്പ് (1 പത്രൊസ് 1: 18,19) വിലയേറിയ പരിശോധന 1 പത്രൊസ് 1:7 വിലയേറിയ പ്രത്യാശ, വിലയേറിയ വിശ്വാസം 2 പത്രൊസ് 1:1 വിലയേറിയതും, അതിമഹ ത്ത്വമായ വാഗ്ദത്തം 2 പത്രൊസ് 1:4 എന്നിവയാണ്.

ക്രിസ്തീയ ജീവിതനിലനില്പിനായി (വിജയത്തിനായി) നമുക്കു ലഭിച്ചതായ വിശ്വാസത്തോട് കൂട്ടിക്കൊള്ളേണ്ടതായ ഏഴു കാര്യങ്ങൾ 2 പത്രൊസ് 1:5-11 വരെയുള്ള ഭാഗങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നത് (വീര്യം, പരിജ്ഞാനം, ഇന്ദ്രിയജയം, സ്ഥിരത, ഭക്തി, സഹോദര പ്രീതി, സ്നേഹം) എന്നിവയാണെന്നു മനസ്സിലാക്കാം. ഇവയെപ്പറ്റി അല്പ മായി ചിന്തിക്കാം.

**1. വീര്യം :** ധീരത എന്നർത്ഥമാണ് ഈ വാക്കിനുള്ളത്. ഇത് ധാർമ്മി കവൈശിഷ്ട്യമാണ് (കുറ്റം പറയുവാനിടയില്ലാത്തത്) ദൈവത്തിലുള്ള സമ്പൂർണ്ണസമർപ്പണത്തോടും, ആശ്രയത്തോടുംകൂടെ നാം ചെയ്യേണ്ട തായ ഉത്തരവാദിത്വങ്ങൾ ചെയ്യുന്നതിനുള്ള ശുഷ്ക്കാന്തിയാണ് വീര്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ക്രിസ്തീയജീവിതം അലസമായുള്ള

തല്ല. ദൈവത്തോടും മനുഷ്യരോടുമുള്ള സേവനത്തിലധിഷ്ഠിതമായിട്ടുള്ളതാണ്. അത് കൃത്യനിഷ്ഠയോടെ ചെയ്യുവാൻ വീര്യം ആവശ്യമാണ്. യെശ. 9:6 നമ്മുടെ രക്ഷകനായ കർത്താവ് വീരനാം ദൈവമാണെന്നു കാണുന്നു. ഈ ദൈവത്തിന്റെ വീര്യം നമ്മിലും ഉണ്ടായിരിക്കണം.

**2. പരിജ്ഞാനം :** വീര്യത്തോടു കൂടേണ്ട ശ്രേഷ്ഠമായ ജ്ഞാനമാണ് പരിജ്ഞാനം. ഈ വാക്ക് ഈ ലേഖനത്തിൽ നിരവധി പ്രാവശ്യം കാണുന്നു. ദൈവത്തിൽ നിന്നും ലഭിക്കുന്ന ഉപരിയായ ജ്ഞാനമാണ് 2 പത്രൊസ് 1:3, സദൃ. 9:10. നാം നേരിടുന്ന ജീവിതസാഹചര്യങ്ങളെ മാന്യമായും കാര്യക്ഷമതയോടുംകൂടെ അഭിമുഖീകരിക്കുവാനുള്ള തീരുമാനത്തിന് നമ്മെ സഹായിക്കുന്നത് പരിജ്ഞാനത്തിലൂടെ ലഭിക്കുന്ന അറിവാണ്. ഹോശയാ 4:6 പരിജ്ഞാനമില്ലായെങ്കിൽ നാശം സംഭവിക്കും. ലജ്ജിക്കുവാനിടയാകും. പരിജ്ഞാനമുള്ള അധരം വിലയേറിയ ആഭരണമാണ് സദൃ. 20:15. പൗലൊസ് തന്റെ പ്രാർത്ഥനകളിൽ സഹവിശ്വാസകൾ പരിജ്ഞാനത്തിൽ വളരുവാൻ ആഗ്രഹിച്ചു പ്രാർത്ഥിക്കുന്നു. എഫെ. 3:19, ഫിലി 1:19 കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ എന്നാണ്. നമുക്കു അതിനായി പ്രയത്നിക്കാം.

**3. ഇന്ദ്രിയജയം :** നമ്മുടെ ശരീരത്തിലെ പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിക്കുവാനുള്ള കഴിവ്. ഇത് നാം ദൈവത്തിൽ നിന്നും പ്രാർത്ഥനയിലൂടെ നേടിയെടുക്കേണ്ടതാണ്. ആത്മാവിന്റെ ഫലത്തിൽ ഏറ്റവും അതിപ്രധാനമായി നമ്മോടു തന്നെയുള്ള (ശരീരത്തോടുള്ള) കടപ്പാടാണ് (നിയന്ത്രണമാണ്). ഉദാഹരണമായി യോസഫിന്റെ ജീവിതം വ്യക്തമാക്കുന്നു. ഇന്ദ്രിയങ്ങളുടെമേൽ നിയന്ത്രണമുള്ള വ്യക്തിക്കു മാത്രമേ മാതൃകാപരമായ വിശ്വാസജീവിതം നയിക്കുവാൻ സാധിക്കൂ. ഇത് ദൈവത്തോടു ചേർന്നു നടന്നാൽ മാത്രമേ ഇതിൽ വിജയം വരിക്കുവാൻ സാധിക്കുകയുള്ളൂ. അതിനായി അവനോടുകൂടെയായിരിപ്പാൻ സഹായിക്കട്ടെ.

**4. സ്ഥിരത :** സ്ഥിരത എന്നതിന് ഉറപ്പുള്ളത്, മാറ്റമില്ലാത്തത്. നാം ഏർപ്പെടുന്ന എതു രംഗത്തും സ്ഥിരതയുള്ളവരായിരിക്കേണ്ടതാണ്. വാക്കിൽ സ്ഥിരതയുള്ളവരായിരിക്കുക. "നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല ഇല്ലയെന്നുമായിരിക്കട്ടെ". കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തുന്നതും ആയിരിക്കുക. കൊലൊ. 4:6 കൂടാതെ പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരതയുള്ളവരായിരിക്കുക. വചനത്തിൽ നിലനി

ല്ക്കുന്നതിനായി വചനപഠനത്തിൽ സ്ഥിരതയുള്ളവരായിരിക്കേണ്ട താണ്. ദൈവത്തിനുവേണ്ടി ക്ഷമയോടെ കാത്തിരിക്കുന്നതിൽ സ്ഥിര തയുള്ളവരായിരിക്കുക. ഉപദേശത്തിലും വിശ്വാസത്തിലും സ്ഥിരത യുള്ളവരായിരിക്കുവാൻ ദൈവസഹായത്തിനായി പ്രാർത്ഥിക്കാം.

**5. ഭക്തി :** ഭക്തി എന്നത് ദൈവത്തോടുള്ള ബന്ധത്തിലാണ് സദൃ.1:7 യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാണ്. ഇയ്യോബ് 28:28 ഇതിൽ യഥാർത്ഥ ഭക്തിയും കപടഭക്തിയും ഉണ്ട്. ഉദാ.ചുങ്കക്കാരന്റെയും പരീ ശന്റെയും പ്രാർത്ഥനയിൽ വ്യക്തമാകുന്നു. ഇയ്യോബ് ഭക്തനെന്ന് ദൈവം സാക്ഷീകരിക്കുന്നു. അപ്രകാരം ദൈവത്താലും മനുഷ്യനാലും സാക്ഷീകരിക്കപ്പെട്ട മാതൃകയായ ഭക്തജീവിതം നയിക്കുവാൻ ജാഗ്ര തയുള്ളവരാകാം.

**6. സഹോദരപ്രീതി :** കോപം, പക, പിണക്കം, വിദ്വേഷം, കയ്പ്പ് ഇവ ഒന്നും ഇല്ലാതെ സ്നേഹിക്കുന്നതാണ് സഹോദരപ്രീതി എന്നത്. പര സ്പരം കടമപ്പെട്ടത് ചെയ്യുന്നതാണ് സഹോദരപ്രീതിയെന്നത്. അത് സ്നേഹത്തോടെയാണ് ചെയ്യേണ്ടത്. ഇത് നിലനില്ക്കുന്നതാണ് എബ്രാ. 13:1 ഈ സഹോദരപ്രീതിയിലായിരിക്കുവാൻ ഒരുങ്ങാം.

**7. സ്നേഹം :** ഇത് പലവിധത്തിലുണ്ട്. ത്യാഗപരമായ സ്നേഹം, അഗപ്പെ. യേശു നമ്മെ സ്നേഹിച്ചത് യോഹ. 3:16 സ്നേഹിക്കുന്ന വ്യക്തിയുടെ ജീവിതത്തിലുണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങളും വിട്ടു കളയേണ്ടതുമായ കാര്യങ്ങൾ 1 കൊരിന്ത്യർ 13-ാം അദ്ധ്യായം പഠി ച്ചാൽ മനസ്സിലാക്കാവുന്നതാണ്. നമ്മുടെ സ്നേഹം നിർവ്യാജമായിരി ക്കേണ്ടതാണ്.

ഈ ഗുണങ്ങൾ നമ്മുടെ വിശ്വാസത്തോടുകൂട്ടിയാൽ നാം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പരിജ്ഞാനം സംബന്ധിച്ച് ഉത്സാ ഹമില്ലാത്തവരും നിഷ്ഫലന്മാരും ആയിരിക്കയില്ല (2 പത്രൊസ് 1:8). ആകയാൽ നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കി ഒരു നാളും ഇടറിപ്പോകാതെ നിലനില്ക്കുവാൻ ദൈവം സഹായിക്കട്ടെ.

**സാറാമ്മ ശശി, കവിയൂർ**

*"നാം ദൈവത്തെ സ്നേഹിച്ചതല്ല. അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നേ സാക്ഷാൽ സ്നേഹം ആകുന്നു"*

*1 യോഹ. 4:10*

# അവളോടു ഹൃദ്യമായി സംസാരിക്കും

## (ഹോശേയ. 2:14)

"അതുകൊണ്ടു ഞാൻ അവളെ വശീകരിച്ചു മരുഭൂമിയിൽ കൊണ്ടുചെന്നു അവളോടു ഹൃദ്യമായി സംസാരിക്കും" (ഹോശേയ. 2:14). യിസ്രായേൽജനം ദൈവത്തെ വിട്ടകന്നു അന്യദൈവങ്ങളെ സേവിക്കുന്നവരായിത്തീർന്നു. അവരെ ദൈവത്തിങ്കലേക്കു മടക്കി വരുത്താൻ ദൈവം ആഗ്രഹിച്ചു. അതിനായി ദൈവം അവരെ കഷ്ടതയിലേക്കു നയിച്ചു. കഷ്ടതയുടെ പാഠശാലയിൽ അവർ ദൈവത്തെ വിളിച്ചപേക്ഷിച്ചു. അവരുടെ നിലവിളി ദൈവം കേട്ടു. ആ അവസ്ഥയിൽ ദൈവം അവരോടു ഹൃദ്യമായി സംസാരിച്ചു. ഈ അർത്ഥമാണ് ഹോശേയ പ്രവാചകനിലുടെ ദൈവം അരുളിച്ചെയ്ത വാക്യത്തിലൂടെ ദൈവം ഉദ്ദേശിക്കുന്നത്.

**എന്താണ് മരുഭൂമി?**

ചൂടേറിയ മണലാരണ്യമാണ് മരുഭൂമി. ദാഹിച്ചു വലയുമ്പോൾ ഒരിറ്റു വെള്ളം ലഭിക്കാത്ത സ്ഥലം. തണൽ തരുവാൻ മരങ്ങളില്ല. അവിടവിടെ ഓരോ കുറ്റിച്ചെടികൾ മാത്രം. ചവിട്ടിത്തെളിച്ച പാതകളില്ല. അതായത് എങ്ങോട്ടു പോകണമെന്നു വഴിയറിയാത്ത സ്ഥലം. ഏകാന്തതയുടെ സ്ഥലം. വിജനമായ മണൽക്കാട്. ഒരു വ്യക്തി മരുഭൂമിയിലകപ്പെട്ടാൽ അലഞ്ഞുഴന്നു നടക്കേണ്ടിവരും. ഏതു നിരീശ്വരനും ദൈവമേ എന്നു വിളിച്ചുപോകുന്ന സ്ഥലം.

**എന്തിനാണ് അവിടേക്കു കൊണ്ടുപോകുന്നത്?**

മനുഷ്യനെ ദൈവം സൃഷ്ടിച്ചത് ദൈവത്തോടൊപ്പം വസിക്കുന്നതിനാണ്. ദൈവത്തോടു സംസാരിക്കുന്നതിനാണ്. ഇന്ന് ദൈവത്തോടു സംസാരിക്കുന്നതിനുള്ള മാധ്യമമാണ് പ്രാർത്ഥന. പാപത്താൽ ദൈവത്തോട് അകന്നു പോകുന്ന മനുഷ്യന് ദൈവത്തോടു സംസാരിക്കാൻ കഴിയുന്നില്ല. സുഖഭോഗങ്ങളിൽ മുഴുകി കഴിയുമ്പോഴും ദൈവത്തോട് അകന്നുപോകുന്നു. ദൈവവുമായുള്ള സംസർഗ്ഗവും കുറഞ്ഞുപോകുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ദൈവം തന്റെ മക്കളെ കഷ്ടതയുടെ പാഠശാലയിലേക്ക് അയയ്ക്കും. കഷ്ടതയുടെ തീച്ചൂളയിലൂടെ കടന്നുപോകുമ്പോൾ യഥാർത്ഥമായി ദൈവത്ത വിളിക്കും. അതാണ് മരുഭൂമിയുടെ അവസ്ഥ. അപ്പോൾ ദൈവം ഹൃദ്യമായി സംസാരിക്കും. അതുകൊണ്ടാണ് സങ്കീർത്തനക്കാരൻ "നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ ആയിരുന്നതു എനിക്കു ഗുണമായി" (സങ്കീ.119:71) എന്നു പറയുന്നത്. ദൈവത്തിന്റെ ചട്ടങ്ങൾ പഠിപ്പിക്കുന്ന പാഠശാലയാണ് കഷ്ടത. പിന്നീട് അതു നന്മയായി ഭവിക്കും. മരുഭൂമി

യുടെ അനുഭവത്തിലേക്കു ദൈവം കടത്തിവിട്ട അനേകരെ നമുക്കു ദൈവവചനത്തിലൂടെ കാണാൻ സാധിക്കും. അവരിൽ മരുഭൂമിയി ലേക്കു ഇറങ്ങിപ്പോകേണ്ടിവന്ന ഒരു സ്ത്രീയെപ്പറ്റി നമുക്കു ചിന്തിക്കാം ഹാഗാർ (ഉൽപ.16).

ഹാഗാർ എന്ന പേരിന്നർത്ഥം അലയുന്നവൾ, ഓടുന്നവൾ, അഭ യാർത്ഥി എന്നൊക്കെയാണ്. അബ്രഹാമും കുടുംബവും ക്ഷാമം നിമിത്തം മിസ്രയീമിലേക്കിറങ്ങിപ്പോയി. തിരികെ വന്നപ്പോൾ സാറാ കൂട്ടിക്കൊ ണ്ടുവന്ന ദാസിയാണ് ഹാഗാർ. മിസ്രയീംദേശത്തു ജനിച്ചു വളർന്നു വെങ്കിലും ഈ വിശുദ്ധ കുടുംബത്തിൽ ജീവിച്ചതിനാൽ ദൈവിക കാര്യങ്ങൾ അഭ്യസിക്കുന്നതിനും ദൈവശബ്ദം കേൾക്കുന്നതിനും ഇടയായി. സാറാ അവളെ വളരെയധികം സ്നേഹിക്കുകയും വിശ്വസി ക്കുകയും ചെയ്തിരുന്നു. ദൈവം അബ്രഹാമിനു സന്തതിയെ വാഗ് ദത്തം ചെയ്തിരുന്നുവെങ്കിലും 25 വർഷത്തെ കാത്തിരിപ്പിലും ആ വാഗ്ദത്തം നിറവേറാതെ വന്നപ്പോൾ സാറാ തന്റെ ദാസിയായ ഹാഗാ റിനെ അബ്രഹാമിന്നു ഭാര്യയായി കൊടുത്തു. എന്നാൽ ഹാഗാറാകട്ടെ അർഹതയില്ലാത്ത അനുഗ്രഹങ്ങൾ ലഭിച്ചപ്പോൾ നിഗളിച്ചു പോയി. നാശത്തിനു മുമ്പെ ഗർവ്വം; വീഴ്ചയ്ക്കു മുമ്പെ ഉന്നതഭാവം (സദൃ. 16:18). ഹാഗാർ ഗർഭിണിയായപ്പോൾ യജമാനത്തിയോട് അനിഷ്ടവും നിന്ദയും തോന്നി. ദാസി യജമാനത്തിയുടെ സ്ഥാനം പ്രാപിച്ചാൽ അവളുടെ നിമിത്തം ഭൂമി വിറയ്ക്കുന്നു (സദൃ. 30:21, 23) എന്നാണല്ലോ സദൃശവാക്യം. ഇതു നിമിത്തം സാറാ ഹാഗാറിനോടു കഠിനമായി പെരുമാറി.

സാറാ കാഠിന്യം കാണിക്കുവാൻ കാരണക്കാരി ഹാഗാർ തന്നെ യായിരുന്നു. യജമാനത്തിയെ നിന്ദിച്ചതിനു ദൈവം കൊടുത്ത ശിക്ഷ. സാറായ്ക്കു ദാസിയുടെ നിന്ദ ലഭിച്ചതിനു കാരണക്കാരിയും സാറാ തന്നെ. ദൈവത്തിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കാനുള്ള അക്ഷമ, 25 കൊല്ലം കഴിഞ്ഞപ്പോഴേക്കും വാഗ്ദത്തനിവൃത്തിയിൽ അവിശ്വസിച്ചു. സ്വയമായി ഒരു തീരുമാനമെടുത്തു. അതിൽ അബ്രഹാമും വീണു പോയി. "പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുതു. നിന്റെ എല്ലാ വഴികളിലും അവനെ നിനെച്ചു കൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും" (സദൃ.3:5,6). നമ്മുടെ ജീവിതത്തിൽ നേരിടുന്ന വിഷമതകൾക്കു കാരണക്കാർ നാം തന്നെ ആയിരിക്കും. പെട്ടെന്നു കാര്യം സാധിക്കാൻ സ്വന്ത വിവേകത്തിൽ ഊന്നി എടുത്തുചാടി പ്രവർത്തിച്ചാൽ പിന്നീട് വ്യസനിക്കേണ്ടിവരും എന്നു ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. അതിന്റെ തിക്തഫലം മാനവജാതി ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഹാഗാറിനെ

പ്പോലെ അപ്രതീക്ഷിതമായുണ്ടാകുന്ന അനുഗ്രഹത്തിൽ അഹങ്കരിച്ചാൽ ശിക്ഷ ലഭിക്കുമെന്നും ഓർക്കുക. എങ്കിലും ഏതു പ്രതിസന്ധിയിലും സഹായിക്കുന്ന കരുണാസമ്പന്നനായ ദൈവം നമ്മോടുകൂടെയുണ്ട്.

യജമാനത്തിയുടെ മുമ്പിൽ പരാജിതയായ ഹാഗാർ വീടുവിട്ട് ഓടിപ്പോയി. എന്നാൽ ദൈവത്തിന്റെ നോട്ടം അവളുടെമേൽ ഉണ്ടായിരുന്നു. യഹോവയുടെ ദൂതൻ മരുഭൂമിയിൽ ഒരു നീരുറവിന്റെ അരികെ വെച്ച് അവളെ കണ്ടു. ഹാഗാർ ദൈവശബ്ദം കേട്ടു: സാറായുടെ ദാസിയായ ഹാഗാറേ, നീ എവിടെ നിന്നു വരുന്നു? എവിടേക്കു പോകുന്നു? ദൈവദൂതന്റെ ചോദ്യത്തിന് അവൾ തന്റെ അവസ്ഥ വെളിപ്പെടുത്തി. യഹോവയുടെ ദൂതൻ അവളോട്: നിന്റെ യജമാനത്തിയുടെ അടുക്കൽ മടങ്ങിച്ചെന്നു അവൾക്കു കീഴടങ്ങിയിരിക്ക എന്നു കല്പിച്ചു. ദൈവം അവൾക്കു വാഗ്ദത്തവും കൊടുത്തു. സാറായുടെ ദാസിയായ ഹാഗാറേ എന്ന ദൂതന്റെ പ്രബോധനം അവളിൽ സുബോധം ഉളവാക്കി. ദാസി എന്നും ദാസിയാണ്, യജമാനത്തിക്കു കീഴടങ്ങിയിരിക്കേണ്ടവളാണ് എന്ന് അവൾ മനസ്സിലാക്കി. ദൈവം എല്ലാം കാണുന്നു എന്നു മനസ്സിലാക്കിയ അവൾ യഹോവെയ്ക്കു "ദൈവമേ നീ എന്നെ കാണുന്നു" എന്നു പേർവിളിച്ചു. ദൈവകല്പന അനുസരിച്ച് അവൾ മടങ്ങിപ്പോയി യജമാനത്തിക്കു കീഴ്പ്പെട്ടിരുന്നു.

ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരാതെ ദൈവം നമ്മെ ആക്കിയിരിക്കുന്ന സ്ഥാനത്ത് വിശ്വസ്തതയോടെ നില്ക്കുകയാണ് വേണ്ടത്. പ്രതികൂലതകളുണ്ടാകുമ്പോൾ അതിൽനിന്ന് ഒളിച്ചോടുകയല്ല പ്രതിസന്ധികളെ ദൈവാശ്രയത്തോടെ അഭിമുഖീകരിക്കുകയാണ് വേണ്ടത്. ദൈവം കാണുന്നു എന്ന അറിവുണ്ടായിട്ടും എത്രയോ പേർ ദൈവം ഇതൊന്നും കാണുന്നില്ല എന്ന വിധത്തിൽ ജീവിക്കുന്നു. നമ്മുടെ അഭിമാനത്തിനു ക്ഷതമേല്ക്കുന്ന കാര്യങ്ങളായാലും ദൈവകല്പന പൂർണ്ണമായും അനുസരിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. ദൈവം നമുക്കു തന്നിട്ടുള്ള വാഗ്ദത്തങ്ങൾ നാം അവിശ്വസിക്കുവാൻ പാടില്ല. ദൈവത്തിന്റെ സമയമാകുമ്പോൾ അതു നിറവേറും.

നീണ്ട 14 വർഷങ്ങൾ ഹാഗാർ തന്റെ മകനുമായി അബ്രഹാമിന്റെ ഭവനത്തിൽ പാർത്തു. യിസ്ഹാക്കിന്റെ ജനനത്തോടെ ഭവനത്തിൽ അസ്വസ്ഥതകൾ തലപൊക്കി. അസൂയ പരിഹാസത്തിന്റെ വേഷം ധരിച്ചു. യിശ്മായേൽ പരിഹാസി ജഡത്തിന്റെ സന്തതി. വാഗ്ദത്ത സന്തതിയായ തന്റെ മകൻ ദാസിയുടെ മകനായ പരിഹാസിയോടുകൂടെ പാർക്കുന്നത് സാറാ ഇഷ്ടപ്പെട്ടില്ല. എങ്കിലും അബ്രഹാം തന്റെ മകനെ പുറത്താക്കിക്കളയുവാൻ ആഗ്രഹിച്ചില്ല. ദൈവം സാറായ്ക്കാണു തുണ നിന്നത്. കാരണം അടിമയുടെ സന്തതി വാഗ്ദത്ത സന്തതിയെ

പരിഹസിക്കുന്നത് ദൈവം ഇഷ്ടപ്പെടുന്നില്ല. ദൈവം തിരഞ്ഞെടുത്തതിനെ ആർ കുറ്റം ചുമത്തും (റോമ.8:33). വാഗ്ദത്ത സന്തതിയാണ് അവകാശി. സാറാ സ്വാതന്ത്ര്യത്തിന്റെ പ്രതീകവും ഹാഗാർ അടിമത്ത്വത്തിന്റെ പ്രതീകവുമാണ് (ഗലാ. 4:24,25). ഇന്നും നമ്മുടെ മക്കൾ വളർന്നു വരുന്ന സാഹചര്യങ്ങൾ ദൈവമക്കൾ ശ്രദ്ധിക്കേണ്ടതാണ്. അവരുടെ കൂട്ടുകാർ ആരെന്നു കണ്ടെത്തി ആത്മീയശോഷണം അവരുടെ ജീവിതത്തിൽനിന്നും അകറ്റേണ്ടത് മാതാപിതാക്കളുടെ കർത്തവ്യമാണ്. സാറാ അതിന് ഒരു മാതൃകയായിരിക്കുന്നു.

ദൈവം നിശ്ചയിച്ച കാലപരിധി കഴിഞ്ഞപ്പോൾ ഹാഗാറിനു വീണ്ടും മരുഭൂമിയിൽ ഉഴന്നു നടക്കേണ്ടിവന്നു. അവൾ സ്വമനസ്സാലെ പോയതല്ല. അവളോടു ഹൃദ്യമായി സംസാരിപ്പാൻ ദൈവം അവളെ അവിടെ അയയ്ച്ചതാണ്. അബ്രഹാമിൽനിന്നു തനിക്കും തന്റെ മകനും അവകാശമായി ലഭിച്ചത് അപ്പവും ഒരു തുരുത്തി വെള്ളവും മാത്രം. അതു അവരുടെ ജീവിതസന്ധാരണത്തിന് ഏതുമില്ലായിരുന്നു. ഈ ലോകത്തിന്റെ പ്രതാപങ്ങൾ നശ്വരമാണ്. മനുഷ്യൻ തരുന്ന വെള്ളം തീർന്നുപോകും. ദൈവം തരുന്നത് വറ്റാത്ത ഉറവയാണ്. അതിൽനിന്നു കുടിക്കണം. അതു നാം കണ്ടെത്തണം. അതിനായി നമ്മുടെ കണ്ണു തുറക്കണം. കർത്താവു പറഞ്ഞു: ഞാൻ ജീവന്റെ അപ്പമാകുന്നു. എന്നെ തിന്നുന്നവൻ എന്നേക്കും ജീവിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന് ഒരുനാളും ദാഹിക്കയില്ല.

ബേർശേബാ മരുഭൂമിയിൽ ഉഴന്നു നടന്ന ഹാഗാർ തന്റെ കഷ്ടതയിൽ യഹോവയോടു നിലവിളിച്ചു. അവർ വിശന്നും ദാഹിച്ചും ഇരുന്നു. അവരുടെ പ്രാണൻ അവരുടെ ഉള്ളിൽ തളർന്നു. ബാലന്റെ നിലവിളി ദൈവം കേട്ടു. ഹാഗാറിന്റെ സങ്കടം ദൈവം കണ്ടു. ദൈവം ഹാഗാറിനോടു സംസാരിച്ചു. അവളുടെ കണ്ണു തുറന്നു. അവൾ ഒരു നീരുറവ കണ്ടു. തുരുത്തിയിൽ വെള്ളം നിറച്ചു. ബാലനെ കുടിപ്പിച്ചു. (ഉൽപ.21:16-21) മരുഭൂമിയിൽത്തന്നെ പാർത്തുകൊണ്ട് വില്ലാളിയായിത്തീർന്ന യിശ്മായേൽ പിൽക്കാലത്ത് ഒരു വലിയ ജാതിയായി മാറി.

ഈ ലോകത്തിന്റെ ദൈവം ജീവന്റെ ഉറവയായ ക്രിസ്തുവിനെ കാണാതവണ്ണം അവിശ്വാസികളുടെ കണ്ണ് കുരുടാക്കിയിരിക്കുകയാണ്. ജീവദായകനെ കണ്ടെത്തണമെങ്കിൽ അവരുടെ കണ്ണു തുറക്കണം. ജീവജലം കുടിക്കണമെങ്കിൽ ദാഹമുണ്ടാകണം. ദാഹിക്കണമെങ്കിൽ മരുഭൂമിയുടെ അനുഭവത്തിലേക്കു വരണം. തിരുവചനം പറയുന്നത്: ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നു ജീവജലനദികൾ ഒഴുകും (യോഹ. 7:37, 38).

**ജോയമ്മ സാംസൺ, കൊല്ലം**

# ദീർഘക്ഷമയും പാപക്ഷമയും

103-ാം സങ്കീർത്തനം 8-ാം വചനത്തിലും 145:8-ലും മറ്റ് പല വേദഭാഗങ്ങളിലും "യഹോവ ദീർഘക്ഷമയും മഹാദയയും ഉള്ളവൻ" എന്നു വായിക്കുന്നു. അതിനോടുചേർന്ന് മറ്റു പലകാര്യങ്ങളും പറഞ്ഞിട്ടുണ്ട്. "എല്ലായ്പ്പോഴും ഭർത്സിക്കയില്ല, എന്നേക്കും കോപം സംഗ്രഹിക്കയില്ല''എന്നിത്യാദികാര്യങ്ങൾ. അവയൊക്കെയും ദീർഘക്ഷമയുടെയും മഹാദയയുടെയും പൂരകങ്ങളാണ്.

യഹോവയുടെ ദീർഘക്ഷമ എന്നുവച്ചാൽ പാപങ്ങൾ ദീർഘമായി അഥവാ എന്നെന്നേക്കുമായി ക്ഷമിക്കുന്നു എന്നാണോ മനസ്സിലാക്കേണ്ടത്. slow to anger എന്ന പദമാണ് ഇംഗ്ലീഷിൽ ഉപയോഗിച്ചിരിക്കുന്നത്. മനുഷ്യൻ ഓരോ തെറ്റുചെയ്യുമ്പോഴും ഉടനടി ശിക്ഷിക്കുന്നില്ല എന്നു പറയാമെങ്കിലും ശാശ്വതമായി ക്ഷമിക്കുന്നു എന്നൊരർത്ഥം ഈ പദത്തിന് ഇവിടെയില്ല. എന്നാൽ ദൈവം ക്ഷിപ്രകോപിയല്ല എന്നൊരു സൂചനയാണ് ലഭിക്കുന്നത്. ദൈവം ക്ഷിപ്രകോപിയായിരുന്നെങ്കിൽ ഈ ലോകത്തിൽ വളരെ കുറച്ച് ജനങ്ങൾ മാത്രമേ അവശേഷിക്കുമായിരുന്നുള്ളൂ.

മനുഷ്യരോടുള്ള ബന്ധത്തിൽ ചിന്തിക്കുമ്പോൾ ആത്മാവിന്റെ ഫലം എന്ന ശീർഷകത്തിൽ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, തുടങ്ങി 9 കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. (ഗലാ.5:22) ഇവിടെ ദീർഘക്ഷമയ്ക്ക് ഇംഗ്ലീഷിൽ long suffering എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ദീർഘമായി സഹിക്കുക എന്ന് വേണമെങ്കിൽ പറയാം. Forbearance അഥവാ സഹിഷ്ണുത എന്ന വാക്കും ചില സന്ദർഭങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാ. 1 തെസ്സ 5:14 ൽ എല്ലാവരോടും ദീർഘക്ഷമ കാണിപ്പിൻ എന്ന് പറഞ്ഞിരിക്കുന്നു.

ഇനിയും ദീർഘക്ഷമയിൽ നിന്നും ക്ഷമയിലേക്ക് പോകാം. ക്ഷമ എന്ന വാക്കിന് സന്ദർഭോചിതമായി ഒന്നിലധികം അർത്ഥമുണ്ട്.

1. ക്ഷമയോടെ കാത്തിരിക്കുക. നാം ഒരു സർക്കാർ ഓഫീസിലോ, ആശുപത്രിയിലോ ഒക്കെ ചെല്ലുമ്പോൾ അത്യാവശ്യമായിവേണ്ട ഒരു ഗുണമാണ് ക്ഷമ എന്നുള്ളത്. ഇംഗ്ലീഷിൽ patience എന്നു പറയാം. ക്ഷമ വേണ്ടതായ അനവധി സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകാറുണ്ട്. ക്ഷമയില്ലെങ്കിൽ നാം വളരെ അസ്വസ്ഥരാകയും ചിലപ്പോൾ

കാര്യം സാധിക്കാതെ മടങ്ങിപ്പോകേണ്ടി വരികയും ചെയ്യാറുണ്ട്. തന്മൂലം നമ്മുടെ രക്തസമ്മർദ്ദം വർദ്ധിക്കയും മറ്റ് ബുദ്ധിമുട്ടുകൾക്ക് ഇടയാവുകയും ചെയ്യാം.

2. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായ ക്ഷമയെക്കുറിച്ച് പ്രതിപാദിച്ചുകൊള്ളട്ടെ. പാപക്ഷമ, ക്ഷമായാചന, മുതലായ വാക്കുകൾ സുപരിചിതമാണല്ലോ. ക്ഷമിക്കുക, ക്ഷമിച്ചു മുതലായ വാക്കുകൾക്ക് കുറച്ചുകൂടി വ്യക്തതയുണ്ട്. മത്തായി. 6:12 ലേക്ക് കണ്ണോടിക്കുമ്പോൾ "ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ". എന്നാണ് കർത്താവ് ശിഷ്യന്മാർക്ക് പറഞ്ഞുകൊടുക്കുന്നത്. നാം മറ്റുള്ളവരോട് ക്ഷമിച്ചെങ്കിൽ മാത്രമേ നമുക്കും ക്ഷമ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കയുള്ളൂ എന്നാണിതിന്റെ സാരം. ഇതിന്റെ തുടർച്ചയായി 14,15 വചനങ്ങളിൽ "നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോട് പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല" എന്നാണ് നാം വായിക്കുന്നത്. മത്തായി 18:23-33 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന ദുഷ്ടദാസന്റെ ഉപമ ഇതിനോട് കൂട്ടി വായിക്കേണ്ടതാണ്. തന്റെ യജമാനനായ രാജാവിൽ നിന്നും ഭീമമായ ഒരു കടം ഇളച്ചു കിട്ടിയ ഒരുവൻ തനിക്കു നിസ്സാരമായ ഒരു തുക കടം പെട്ടിട്ടുള്ള ഒരു കൂട്ടുദാസനെ കണ്ടിട്ട് അവന്റെ കൊങ്ങായ്ക്കു പിടിച്ചു ഞെക്കി അവനെക്കൊണ്ട് കടം വീട്ടിക്കാൻ ശ്രമിച്ച കഥയാണ് ഇവിടെ പ്രതിപാദ്യം. യജമാനനായ രാജാവ് ഈ വാർത്ത കേട്ടപ്പോൾ വളരെ കോപാകുലനാകയും ആ ദുഷ്ടദാസനെ മാതൃകാപരമായ രീതിയിൽ ശിക്ഷിക്കയും ചെയ്തു.

3. ഒന്നാലോചിച്ചാൽ നാം ഒരോരുത്തരും ആ ദുഷ്ടദാസനെപ്പോലെ ചിലപ്പോഴെങ്കിലും പെരുമാറാറില്ലേ? ആദിമനുഷ്യനായ ആദാമിന്റെ പാപത്താൽ ശപിക്കപ്പെട്ട ഈ ഭൂമിയിൽ പാപികളായി ജനിച്ച് നിത്യനരകത്തിനും നിത്യശിക്ഷാവിധിക്കും മാത്രം യോഗ്യരായിരുന്ന നമ്മെ കരുണാസമ്പന്നനായ ദൈവം തന്റെ മഹാസ്നേഹത്താൽ തന്റെ ഏക ജാതനായ പുത്രന്റെ ക്രൂശുമരണത്തിലൂടെ വീണ്ടെടുത്ത് മക്കളും അവകാശികളുമാക്കിത്തീർത്തിരിക്കുന്നുവെന്ന കാര്യം പാടേ വിസ്മരിച്ചുകൊണ്ടല്ലേ കേവലം നിസ്സാരവും അർത്ഥശൂന്യവുമായ കാര്യങ്ങൾക്കുവേണ്ടി നാം കൂട്ടുസഹോദരങ്ങളുമായി പിണങ്ങുന്നതും അവരോടുള്ള വിദ്വേഷം ഉള്ളിൽവച്ചു പുലർത്തുകയും ചെയ്യുന്നത്? ഒരേ സഭ

യിൽ ഒന്നിച്ചുകൂടി ഒരേ കർത്തൃമേശയിൽ പങ്കെടുക്കുന്ന രണ്ടു സഹോദരന്മാരോ സഹോദരിമാരോ കീരിയും പാമ്പും പോലെ വർത്തിക്കുന്ന അവസ്ഥാവിശേഷങ്ങളും ഇല്ലാതില്ല. ആരാധനയ്ക്കുവേണ്ടി നാം കർത്തൃസന്നിധിയിൽ കൂടിവരുമ്പോൾ "ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരനു നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെവെച്ച് ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ച്, ഒന്നാമതു ചെന്നു സഹോദരനോടു നിരന്നുകൊൾക; പിന്നെ വന്ന് നിന്റെ വഴിപാട് കഴിക്ക" എന്നു മത്തായി 5:23-24 വചനങ്ങൾ ഓർത്തുകൊണ്ടാൽ നന്ന്.

എത്ര പ്രാവശ്യം ക്ഷമിക്കണം? മത്തായി 18:21 -ൽ കർത്താവേ ഞാൻ സഹോദരനോട് എത്ര പ്രാവശ്യം ക്ഷമിക്കണം? ഏഴു പ്രാവശ്യം മതിയോ? എന്ന പത്രൊസിന്റെചോദ്യത്തിന് കർത്താവ് നല്കുന്ന ഉത്തരം ഏഴു എഴുപത് വട്ടം എന്നാണ്. ഏഴല്ല, എഴുപതുവട്ടം ആയാലും കൂടിപ്പോകയില്ല എന്നായിരിക്കണം കർത്താവ് പറഞ്ഞതിന്റെ അർത്ഥം.

അല്ലയോ സഹോദരാ, സഹോദരീ നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവ് നിങ്ങളുടെ പാപങ്ങളെയും ക്ഷമിക്കയില്ല.

**ജോർജ് ജോൺ, തിരുവനന്തപുരം**

## Quest 4 - ന്റെ ശരി ഉത്തരങ്ങൾ

1. പരുന്ത് (ഇയ്യോബ് 39:26)
2. ഭൂമിയെ (ഇയ്യോബ് 26:7)
3. നീതികേട് (ഇയ്യോബ് 24:20)
4. ഹോൽ പക്ഷി (ഇയ്യോബ് 29:18)
5. നയമാത്യൻ (ഇയ്യോബ് 20:1)
6. കഴുകൻ (ഇയ്യോബ് 39:27)
7. ഈറംകൊണ്ട് (ഇയ്യോബ് 37:11)
8. വന്ധ്യത (ഇയ്യോബ് 15:34)
9. ഉത്തരീയവും, തലപ്പാവും (ഇയ്യോബ് 29:14)
10. വെളിച്ചത്താക്കുന്നു (ഇയ്യോ. 12:22)
11. രാംവംശം (ഇയ്യോബ് 32:2)
12. ഇയ്യോബ് (ഇയ്യോബ് 13:15)
13. നദീഹയം (ഇയ്യോബ് 40:17)
14. മഹാനക്രം (ഇയ്യോബ് 41:13)
15. ചിലന്തി (ഇയ്യോബ് 27:18)
16. ചെവി (ഇയ്യോബ് 34:3)
17. ദുഷ്ടന്മാർ (ഇയ്യോബ് 21:14)
18. പുഴുവിനോട് (ഇയ്യോബ് 17:14)
19. മഹിമയും പ്രതാപവും (ഇയ്യോബ് 40:10)
20. അസ്തമാനം (ഇയ്യോബ് 24:15)

# കാൽവരിയിലെ പ്രശംസ

"എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു". എന്തൊരു പ്രസ്താവന!! ശൗലിനോടു നമുക്ക് ഒന്നു ചോദിക്കാം, സഹോദരാ മറ്റൊന്നിലും പ്രശംസിക്കുവാനില്ലേ? മറുപടി ഇങ്ങനെയായിരിക്കും. അപ്പൊ. 9-ാം അദ്ധ്യായത്തിലെ സംഭവം ദമസ്ക്കോസിന്റെ പടിവാതില്ക്കൽവച്ചു, കാൽവരി കൊലമരത്തിൽ ക്രൂശിക്കപ്പെട്ട്, മരിച്ച്, അടക്കപ്പെട്ട് മൂന്നാം ദിവസം കല്ലറയെ ഭേദിച്ച് താൻ മുൻകൂട്ടി പറഞ്ഞിരുന്നതുപോലെ ഉയിർത്തെഴുന്നേറ്റ് തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോൾ പെട്ടെന്ന് ആകാശത്തുനിന്ന് ഒരു വെളിച്ചം തന്റെ മുമ്പിൽ മിന്നി. അവൻ നിലത്തു വീണു, "ശൗലേ, ശൗലേ നീ എന്നെ ഉപദ്രവിക്കുന്നതു എന്ത്:" എന്ന് ഒരു ശബ്ദം കേട്ടു, "നീ ആരാകുന്നു കർത്താവേ" എന്നു അവൻ ചോദിച്ചതിനു നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ - അപ്പൊ. പ്രവൃത്തി 9:3-6. പിന്നീട് അനന്യാസ് എന്ന ദൈവഭക്തന്റെ ഭവനത്തിൽവച്ചു ദൈവവചനം കേട്ടു കർത്താവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്തു, അതുവരെയും തനിക്കുണ്ടായിരുന്ന ജഡത്തിന്റെ പ്രശം സയും, അഹംഭാവവും എല്ലാം അപ്പാടെ ഉരിഞ്ഞുകളഞ്ഞു. കർത്താ വിന്റെ ശിഷ്യന്മാർക്കെതിരെ ഭീഷണിയും, കൊലയും നിശ്വസിച്ചു കൊണ്ട് ദമസ്ക്കൊസിലുള്ള ക്രിസ്തുവിന്റെ അനുകാരികളെ ഒക്കെയും കൊന്നു മുടിക്കേണ്ടതിനു ദമസ്ക്കൊസിൽ ഈ മാർഗ്ഗക്കാരായ വല്ല പുരുഷന്മാരെയോ, സ്ത്രീകളെയോ കണ്ടാൽ അവരെ പിടിച്ചു കെട്ടി യെരുശലേമിലേക്ക് കൊണ്ടുവരുവാന്തക്കവണ്ണം അധികാരപത്രം വാങ്ങിക്കൊണ്ടുള്ള പോക്കാണ്. എന്നാൽ ദൈവം സന്ദർശിച്ചപ്പോൾ അക്കാര്യമേ വിട്ടുകളഞ്ഞു. മാത്രമല്ല യേശുതന്നെ ദൈവപുത്രൻ എന്നു പള്ളികളിൽ പ്രസംഗിച്ചു. ശൗലോ മേൽക്കുമേൽ ശക്തിപ്രാപിച്ച് യേശു തന്നെ ക്രിസ്തുവെന്നു തെളിയിച്ചു, ദമസ്ക്കൊസിൽ പാർക്കുന്ന യഹൂദ ന്മാരെ മിണ്ടാതാക്കി. വാദി പ്രതിയായിത്തീർന്നു എന്നു പറഞ്ഞു കേട്ടിട്ടുണ്ടല്ലോ. മറ്റൊരുത്തനിലും രക്ഷയില്ല നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല. അപ്പൊ.പ്രവ. 4:12 പത്രൊസ് പ്രസംഗിച്ചതു ശരിവച്ചുകൊണ്ട് ഉറച്ചു നിന്നു. കർത്താവിലും അവന്റെ അമിത ബലത്തിലും വിശ്വസിച്ചു.

എന്തൊരു മാറ്റം!! ക്രിസ്തു വിശ്വാസത്തിൽ അചഞ്ചലനായി നിന്നു. അതുകൊണ്ടാണ് വളരെ ഉറപ്പോടെ സാധിച്ചത്. എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കാൽവരി ക്രൂശിൽ മാത്രമാണ് പ്രശംസ. അങ്ങനെ ഞാൻ ഒന്നിലും ലജ്ജിച്ചുപോകാതെ പൂർണ്ണ ധൈര്യം പൂണ്ടു, ക്രിസ്തു എന്റെ ശരീരത്തിൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടു കയേയുള്ളൂ. എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു.

യേശുകർത്താവിനെ സ്വീകരിച്ച നാൾ മുതൽ യേശുരക്ഷകനു വേണ്ടി ഏതു കഷ്ടവും ത്യാഗവും മരണംപോലും വരിക്കുവാൻ തയ്യാ റായി റോമഗവൺമെന്റിന്റെ പട്ടാളത്തിനു തലവെച്ചുകൊടുത്തു രക്ത സാക്ഷിയായിത്തീർന്നു. അത്ര ധീരനും ശ്രേഷ്ഠനുമായ ഒരു ക്രൈ സ്തവ പോരാളി! ക്രിസ്തുയേശു മരിച്ചവൻ, മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റ വൻ തന്നേ - ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കു ന്നവൻ ആർ? കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ? - നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. മരണ ത്തിനോ, ജീവന്നോ, ദൂതന്മാർക്കോ വാഴ്ചകൾക്കോ - മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു. റോമ. 8:32-39 ഇതിനപ്പുറം എന്താണ് വേണ്ടത്? പൗലൊസിന്റെ പ്രശംസ ക്രിസ്തുവിലും, അവന്റെ കാൽവറിക്രൂശിലും ആണെന്നുള്ളതിന്. പ്രിയ ദൈവജനമേ, സ്വന്തപുത്രനെ ആദരിയാതെ അവനെ കാൽവരി ക്രൂശിൽ ഏല്പിച്ചുകൊടുത്ത സ്വർഗ്ഗീയപിതാവിലും, പിതാവിന്റെ ഇഷ്ടം പൂർണ്ണമായി നിവർത്തിച്ചു നമ്മെ പാപക്കുഴിയിൽ നിന്നു കോരിയെടുത്ത് സ്വന്ത ചങ്കിലെ ചോരയാൽ കഴുകി മക്കളാക്കി ത്തീർത്ത കർത്താവിലും അവന്റെ കാൽവറിക്രൂശിലും മാത്രമാണ് നമ്മുടെ പ്രശംസ എന്ന് ഉറപ്പോടെ പറയാം.

ഈ ശൗലിന്റെ മുമ്പത്തെ ജീവിതവും നടപ്പും എങ്ങനെയുള്ള തായിരുന്നു?. യഹൂദമതത്തിലെ മുമ്പത്തെ നടപ്പു നിങ്ങൾ കേട്ടിട്ടുണ്ട ല്ലോ? ഞാൻ ദൈവത്തിന്റെ സഭയെ അത്യന്തം ഉപദ്രവിച്ചു മുടിക്കുകയും എന്റെ പിതൃപാരമ്പര്യത്തെക്കുറിച്ച് അത്യന്തം എരിവേറി - എങ്കിലും എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു, തന്റെ കൃപയാൽ വിളിച്ചി രിക്കുന്ന ദൈവം - ഗലാ. 1:13-16 എഫെ. 2: നമ്മെക്കുറിച്ചു പറയുന്ന

കാര്യങ്ങൾ പലതും ശൗലിനു ബാധകം. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവർ. എബ്രാ. 2:1-5 മുമ്പെ ഈ ലോകത്തിന്റെ കാലഗതിക്കും ആകാശത്തിലെ അധികാരത്തിനും, അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന അധിപതിയായവനെയും അനു സരിച്ചു നടന്നു ജഡമോഹങ്ങളിൽ നടന്നു, ജഡത്തിനും മനോവികാര ങ്ങൾക്കും ഇഷ്ടമായതു ചെയ്തുകൊണ്ട് മറ്റുള്ളവരെപ്പോലെ കോപത്തിന്റെ മക്കളായി തീർന്നു. അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ ക്കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തിന്റെ നിയമങ്ങൾക്ക് അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു. എഫെ. 2:11,12. ശൗലിന് ജഡപ്രകാരം വളരെ പ്രശംസിക്കാനുണ്ടായിരുന്നു. എബ്രായരിൽ നിന്നും ജനിച്ച എബ്രായൻ, അബ്രഹാമിന്റെ സന്തതി, സാക്ഷാൽ യിസ്രായേല്യൻ വിദ്യാഭ്യാസം ഗമാലിയേലിന്റെ പാദപീഠത്തിൽ ഇരുന്നു പഠിച്ചവൻ, വിദ്യാസമ്പന്നൻ ബെന്യാമീൻ ഗോത്രക്കാരൻ, ന്യായപ്രമാണം സംബന്ധിച്ചു പരീശൻ, ശുഷ്ക്കാന്തി സംബന്ധിച്ച് സഭയെ ഉപദ്രവിച്ചവൻ ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ച് അനിന്ദ്യൻ. എങ്കിലും എനിക്ക് ലാഭമായിരുന്നതൊക്കെയും ഞാൻ ചേതം എന്ന് എണ്ണിയിരിക്കുന്നു. ഞാൻ ഇപ്പോഴും എല്ലാം ചേതം എന്ന് എണ്ണുന്നു. പൗലൊസ് സകലതും ചപ്പെന്നും ചവറെന്നും എണ്ണി, എല്ലാം ഉപേക്ഷിച്ചു (ഫിലി. 3:11). "ഒന്നു ഞാൻ ചെയ്യുന്നു; പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു" (ഫിലി.3:14). നമുക്കും അതായിരിക്കട്ടെ ലക്ഷ്യം. വിരുതു പ്രാപിച്ചു കർത്താവിലും അവന്റെ കാൽവരി ക്രൂശിലും മാത്രമായിരിക്കട്ടെ. ഈ വിരുതു പ്രാപിച്ചാൽ ജീവിതത്തിൽ പ്രശംസയായി മുറുകെ പിടിച്ചു കൊണ്ടിരിക്കുന്ന പലതും ചപ്പെന്നും ചവറെന്നും എണ്ണി ഉപേക്ഷിക്കേണ്ടി വരും. അപ്പോഴാണ് വിരുതു പ്രാപിക്കുന്നത്. നമ്മെ സ്നേഹിച്ച് തന്റെ ജീവൻ മറുവിലയായി അർപ്പിച്ച്, ചങ്കിലെ അവസാനത്തുള്ളി രക്തംവരെ ഊറ്റിത്തന്നു, പിതാവിന്റെ ഇഷ്ടം സമ്പൂർണ്ണമായി നിവർത്തിച്ച് നമ്മെ സ്വർഗ്ഗത്തിന്റെ അവകാശികളാക്കിത്തീർത്ത യേശുകർത്താവിൽ നമ്മെ സമ്പൂർണ്ണമായി താഴ്ത്തി ഏല്പിക്കാം. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകും. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും നിലനില്ക്കും. നമുക്ക് സ്വർഗ്ഗീയ പൗരത്വം നേടിത്തന്ന കർത്താവിൽ മാത്രം നമ്മുടെ പ്രശംസവച്ചുകൊണ്ട് മുന്നേറാം.

*ശേഷം പേജ് 30 കാണുക*

# ദൈവമക്കളുടെ അഭയസ്ഥാനം
## (സങ്കീ.9:9)

ദൈവമക്കളുടെ അഭയസ്ഥാനങ്ങൾ ഏതെല്ലാം എന്നതിനെക്കുറിച്ച് നാം അറിയേണ്ടതുണ്ട്. പ്രശ്നങ്ങൾ, പ്രതികൂലങ്ങൾ, പ്രതിസന്ധികൾ, ജീവിതം തന്നെ വഴിമുട്ടി നില്ക്കുന്ന സാഹചര്യങ്ങൾ ഇവയെല്ലാം ജീവിതത്തിൽ ഒരിക്കലെങ്കിലും അനുഭവിക്കാത്തവരും, അതിൽ കൂടി കടന്നുപോകാത്തവരും ആരും തന്നെ കാണുകയില്ല. ഈ സമയങ്ങളിൽ ഏത് അഭയസ്ഥാനമാണ് നാം കണ്ടെത്തുന്നത്? ദൈവമക്കളെന്ന നിലയിൽ വിശുദ്ധവേദപുസ്തകത്തിൽ അഭയസ്ഥാനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു.

ഈ ലോകപ്രകാരം അഭയസ്ഥാനം നീതിന്യായപീഠം നമുക്കുണ്ട്. എന്നാൽ പരമോന്നതമായ അഭയസ്ഥാനം ദൈവസന്നിധിയാണ്. സങ്കീ.9:9-ൽ പറയുന്നുയഹോവ പീഡിതന് ഒരു അഭയസ്ഥാനം എന്നാണ്. 'എപികനെയൊമായി' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് Appeal എന്ന ഇംഗ്ലീഷ് പദം ഉണ്ടായത്. അഭയസ്ഥാനം എന്നതിന് അഭയം ചൊല്ലുക അഥവാ മേൽവിചാരണ ആവശ്യപ്പെടുക എന്നാണ് അർത്ഥം.

അപ്പൊ.പ്രവൃത്തി. 25 അദ്ധ്യായം നാം വായിച്ചാൽ മഹാപുരോഹിതന്മാരും, യെഹൂദന്മാരുടെ പ്രധാനികളും ഫെസ്തൊസിനോടു പൗലൊസിനെക്കുറിച്ച് അന്യായം ബോധിപ്പിക്കുകയാണ്. എന്നാൽ പൗലൊസ് താൻ ഒരു കുറ്റവും ചെയ്തിട്ടില്ല എന്ന് പ്രതിവാദിച്ചാറെ ആ കുറ്റങ്ങളെ തെളിയിക്കാൻ അവർക്ക് സാധിച്ചില്ല. ഈ സന്ദർഭത്തിൽ കൈസറുടെ ന്യായാസനത്തിൻമുമ്പിൽ നില്ക്കേണ്ടതിന് സമ്മതം ചോദിക്കുന്നു. യഹൂദന്മാരോടു ഞാൻ ഒരു അന്യായവും ചെയ്തിട്ടില്ല, അത് നീയും നല്ലവണ്ണം അറിഞ്ഞിരിക്കുന്നു. ഞാൻ അന്യായംചെയ്തു മരണയോഗ്യമായതുവല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ മരണശിക്ഷ ഏല്ക്കുന്നതിന് എനിക്കു വിരോധമില്ല. എന്നാൽ വീണ്ടും അഗ്രിപ്പാവിന്റെ തീരുമാനപ്രകാരം റോമിലേക്ക് കൊണ്ടുപോകുവാൻ തീരുമാനിച്ചു. അവിടവെച്ച് ഈ മനുഷ്യൻ മരണത്തിനോ ചങ്ങലയ്ക്കോ യോഗ്യമായത് ഒന്നുംചെയ്തിട്ടില്ല എന്ന് തമ്മിൽ പറഞ്ഞു. എന്നാൽ തനിക്ക് അവിടെയും നീതി ലഭിച്ചില്ല.

ഫെസ്തോസിന് ന്യായം നടത്തിക്കൊടുക്കാമായിരുന്നു. കൈസർക്ക് തീർപ്പ് കല്പിക്കാമായിരുന്നു. ഗല്ലിയോൻ ദേശാധിപതിയായി

വാഴുമ്പോഴും പൗലൊസിന് ന്യായം ലഭിച്ചില്ല. ഇന്നും അങ്ങനെയല്ലേ മറ്റുള്ളവരെ പ്രീതിപ്പെടുത്തുവാൻ വേണ്ടി നോക്കുമ്പോൾ ഒരു വിഭാഗം ആളുകൾക്ക് നീതി ലഭിക്കുന്നില്ല. അവരുടെ അഭയസ്ഥാനം ദൈവസന്നിധി മാത്രമാണ്.

ഇയ്യോബ് തന്റെ സ്നേഹിതന്മാരെക്കുറിച്ച് പറയുന്നത് നിങ്ങൾ എല്ലാവരും വ്യസനിപ്പിക്കുന്ന ആശ്വാസകന്മാർ. സാധാരണയായി ആശ്വസിപ്പിക്കുന്നത് വ്യസനം അല്ലെങ്കിൽ ദുഃഖം മാറുവാനാണ്. എന്നാൽ അവരുടെവാക്കുകൾ തനിക്ക് ദുഃഖത്തിന്മേൽ ദുഃഖമായി തീരുകയാണ്. ഒരു സാധാരണ മനുഷ്യൻ തകരുവാൻ ഇതിൽ വലിയ തൊന്നും വേണ്ട. എന്നാൽ ഇയ്യോബ് തകർന്നില്ല. കാരണം അവന് വേണ്ടിജാമ്യം നില്ക്കാൻ സാക്ഷി പറയാൻ ഉയരത്തിൽ ദൈവം ഉണ്ടെന്ന് അവനറിയാം. അപ്പോൾ ഭക്തനായ ഇയ്യോബ് പറയുകയാണ് ഇയ്യോബ് 16:19. "ഇപ്പോഴോ എന്റെ സാക്ഷി സ്വർഗ്ഗത്തിലും എന്റെ ജാമ്യ ക്കാരൻ ഉയരത്തിലും ഇരിക്കുന്നു". ദൈവപൈതലേ സകലവും നിനക്ക് എതിരാകുമ്പോൾ കള്ളസാക്ഷികളെ നിരത്തി നിനക്ക് പ്രതികൂല മായിവിധി പുറപ്പെടുവിക്കുമ്പോൾ നിന്റെ ഹൃദയത്തിന്റെ നിർമ്മലത യറിഞ്ഞ് സാക്ഷ്യം പറയാൻ, ജാമ്യം നില്ക്കാൻ മനസ്സുള്ളവനാണ് യേശു. അവിടുന്ന് നമ്മുടെ അഭയസ്ഥാനം.

എന്നാൽ ഒരു ദൈവപൈതലിന്റെ അഭയസ്ഥാനം ദൈവസന്നി ധിയാണ്. എന്റെ ദൈവം എന്റെ അഭയസ്ഥാനം എന്നു പറഞ്ഞാൽ ഭൂമിയിലുള്ള ഏത് വിധികൾക്കും മുകളിൽ വിധി പറയാൻ എനിക്ക് എപ്പോഴും സമീപിക്കാനുള്ള സ്ഥാനം എന്നാണ്. വേദപുസ്തകത്തിലെ ഭക്തന്മാർ അനേകരും ഈ അഭയസ്ഥാനം മുന്നിൽ കണ്ട് പ്രത്യാശ യോടെ അതിൽ ആശ്രയിച്ച് ജീവിച്ചവരാണ്. ദാനിയേൽ പ്രവചനം 6 അദ്ധ്യായം 4-ാം വാക്യം നാം വായിക്കുമ്പോൾ ആകയാൽ അധ്യക്ഷ ന്മാരും പ്രധാന ദേശാധിപന്മാരും രാജ്യം സംബന്ധിച്ചു ദാനീയേലിനു വിരോധമായി കാരണം കണ്ടെത്തുവാൻ അന്വേഷിച്ചു. എന്നാൽ യാതൊരു കാരണവും കുറ്റവും കണ്ടെത്തുവാൻ അവർക്ക് കഴിഞ്ഞില്ല. ഇന്നും അങ്ങനെയല്ലേ? ദൈവമക്കൾക്കുവിരോധമായി കുറ്റം കണ്ടെത്തുകയാണ് ഈലോകമനുഷ്യരുടെ പ്രധാന ദൗത്യം. ഇന്നത്തെ പ്പോലെ തന്നെ അന്നും മറ്റു തെറ്റും കുറ്റവും കണ്ടെത്തുവാൻ അവർക്ക് സാധിച്ചില്ലെങ്കിൽ ജീവനുള്ള ദൈവത്തെ ആരാധിക്കുന്നതിനെപ്പറ്റി കുറ്റം കണ്ടുപിടിക്കും. അപ്പോൾ ഈ പുരുഷന്മാർ നാം ഈ ദാനീയേ ലിന്റെ നേരെ അവന്റെ ദൈവത്തിന്റെ ന്യായപ്രമാണം സംബന്ധിച്ചു

ള്ളതല്ലാതെ മറ്റൊരു കാരണവും കണ്ടെത്തുകയില്ല എന്നു പറഞ്ഞു. അതുകൊണ്ട് ദൈവത്തെ ആരാധിക്കുന്നത് സംബന്ധിച്ചു ദാനിയേലിന്റെമേൽ കുറ്റം കണ്ടുപിടിച്ചു. ദാര്യാവേശ് രാജാവിനോട് അന്നത്തെ അദ്ധ്യക്ഷന്മാരും, പ്രധാനദേശാധിപന്മാരും രാജാവിന്റെ അടുക്കൽ ചെന്ന് കല്പന വാങ്ങി. 30 ദിവസത്തേക്ക് രാജാവിനെ മാത്രമേ ആരാധിക്കാവൂ. അല്ലെങ്കിൽ സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളയും. എന്നാൽ ദാനീയേൽ താൻ നേരത്തെ എങ്ങനെ ദൈവത്തോട് പ്രാർത്ഥിച്ചിരുന്നോ അതുപോലെ ദിവസവും മൂന്നുനേരം ദൈവത്തോട് പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു. കല്പന അനുസരിച്ച് ദാനീയേലിനെ സിംഹങ്ങളുടെ ഗുഹയിൽ ഇടുവാൻ പ്രധാനികൾ ആവശ്യപ്പെട്ടു. ദാര്യാവേശ് രാജാവ് ഈ വാക്കുകേട്ടപ്പോൾ അത്യന്തം വ്യസനിച്ചു. ദാനീയേലിനെ രക്ഷിക്കുവാൻ മനസ്സുവച്ച് അവനെ രക്ഷിക്കുവാൻ സൂര്യൻ അസ്തമിക്കുവോളം പ്രയത്നം ചെയ്തു. എന്നാൽ ആ പുരുഷന്മാർ വീണ്ടും കല്പനയ്ക്ക് തീർപ്പു കല്പിക്കുവാൻ രാജാവിനെ ബദ്ധപ്പെടുത്തി. രാജാവ് മനസ്സില്ലാമനസ്സോടെ ദാനീയേലിനെ സിംഹങ്ങളുടെ ഗുഹയിൽ ഇട്ടു. ഇവിടെയും നാം കാണുന്നത് രാജാവിന് ദാനീയേലിനെ രക്ഷിക്കാമായിരുന്നു. എന്നാൽ രാജാവ് ചെയ്തില്ല. സ്വർഗ്ഗത്തിലെ ദൈവം തന്റെ ദാസന്റെ പ്രാർത്ഥന കേട്ട് ദൂതനെ അയച്ച് സിംഹങ്ങളുടെ വായ് അടച്ചു കളഞ്ഞു. ദാനീയേലിന്റെ അഭയസ്ഥാനം ദൈവത്തിലാണ്. നാം 6-ാം അദ്ധ്യായം വായിക്കുമ്പോൾ രേഖയും കല്പനും രാജാവിന്റേതല്ലായിരുന്നു. അത് രാജാവിന്റെ കൂടെ നിന്ന പ്രധാനികളുടെ തീരുമാനപ്രകാരമായിരുന്നു. ഇന്നും പല സ്ഥാനങ്ങളിലും അങ്ങനെയല്ലേ?. ചിന്തിച്ചുനോക്കുക. പക്ഷേ ദൈവമക്കൾക്ക് ഈ ലോകനീതിന്യായപീഠം അവർക്ക് വിരോധമായി തീർപ്പ് കല്പിച്ചാലും സ്വർഗ്ഗത്തിലെ ദൈവം തന്റെ ദൂതനെ അയച്ച് അവരുടെ ഏത് പ്രതികൂലസാഹചര്യങ്ങളിൽ നിന്നും രക്ഷിക്കും. ദാനീയേലിനോട് രാജാവിന് വളരെ ഇഷ്ടമാണ് പക്ഷേ ജനങ്ങളുടെ പക്ഷം ചേർന്ന് ദാനീയേലിനെതിരായി രാജാവിന്റെ വിധി വന്നു. സാഹചര്യങ്ങൾക്കനുസരിച്ച് ജീവിക്കാതെ തന്റെ ജീവിതം ദൈവകരങ്ങളിൽ സമർപ്പിച്ച് ദൈവത്തിൽ അഭയം പ്രാപിച്ചു. ഒടുവിൽ നീക്കം വരാത്ത രാജാവിന്റെ നിയമത്തെപ്പോലും മാറ്റി എഴുതുവാൻ ദാനിയേലിന്റെ പ്രാർത്ഥനമൂലം സാധിച്ചു. ദൈവം രാജാവിന്റെ ഹൃദയത്തെ മാറ്റി മറിച്ചു. ഇനി മുതൽ ദാനിയേലിന്റെ ദൈവത്തെ മാത്രമേ ആരാധിക്കാവൂ. ദൈവത്തിന് മഹത്ത്വം ഉണ്ടാകട്ടെ.

പ്രിയ ദൈവമക്കളേ ഇന്ന് നാം നോക്കിയാൽ ഈ ലോകത്തിലെ അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവർ നടപ്പിലാക്കുന്ന നിയമങ്ങൾ അവരുടെ സ്വന്തഇഷ്ടപ്രകാരമല്ല നടപ്പിലാക്കുന്നത്. നിയമങ്ങൾ തങ്ങളുടെ കീഴെ പ്രവർത്തിക്കുന്നവരുടെ നിർദ്ദേശപ്രകാരമായിരിക്കും. അവരുടെ പ്രീതി സമ്പാദിക്കുവാൻ വേണ്ടി അതെല്ലാം നടപ്പിലാക്കും. ഇതിന്റെ കാരണം തങ്ങളുടെ കാര്യങ്ങൾ നിറവേറുന്നതിനും ഈ മനുഷ്യരെക്കൊണ്ട് ഇവർക്ക് ആവശ്യം ഉണ്ട്. ദൈവമക്കൾക്ക് നീതി ലഭിക്കുകയില്ല.

പഴയനിയമത്തിൽ രാജാക്കന്മാരും, പുതിയനിയമത്തിൽ റോമൻ ചക്രവർത്തിമാരും ഇതല്ലോ പ്രവർത്തിച്ചത് എന്ന് ബൈബിൾ വായിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് നാം അധികാരികൾക്കുവേണ്ടി മാത്രമല്ല അതിലുപരി കൂടെ നില്ക്കുന്നവർക്കുവേണ്ടി കൂടുതലായി പ്രാർത്ഥിക്കണം. അതിന് ദൈവം നമ്മെ ഓരോരുത്തരേയും സഹായിക്കട്ടെ. ആമേൻ.

**ഷെറിൻ കിംഗ്സ്റ്റൺ**

---

## Quest 4 -ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ഗ്രേസ് ശാമുവേൽ. ഓമല്ലൂർ
2. സൂസമ്മ എബ്രഹാം, കോത്തല
3. ലൈല കെ. വിക്ടർ, പേരൂർക്കട
4. എൽസി തോമസ്, മീൻതുള്ളി
5. ഡെയ്സി ബിജോയ് ജോൺസ്, ഇടപ്പള്ളി
6. ലീല കെ.വി., പുളിക്കൽ കവല
7. ജെസ്സി മോൻസൺ, കരിയംപ്ലാവ്
8. സി. എം. മാമ്മൻ, കേന്ദ്രീയ വിഹാർ
9. ജോളി ഷാജി, കരുവാറ്റ, അടൂർ
10. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
11. കുഞ്ഞുമോൾ ഈപ്പച്ചൻ, ഉള്ളൂർ
12. ലിസി ജേക്കബ്, മല്ലപ്പള്ളി
13. ബീനാ സുരേഷ്, കരകുളം
14. അന്നമ്മ എബ്രഹാം, പെരുമന്നൂർ
15. സുജ സുനിൽ, ആറാം കല്ല്
16. സജനി ഔസേഫ്, പോങ്ങുംമൂട്
17. വിദ്യാ ബാബു, പാറോട്ടുകോണം
18. ലൈസ സാമുവേൽ, മുംബൈ
19. അനുഗ്രഹ ജെ., വെങ്ങാനൂർ
20. വിനിത ബി. പോത്തൻകോട്, തിരുവനന്തപുരം
21. സതി, കായംകുളം
22. സുമ റെജി, തൃക്കണ്ണമംഗൽ
23. ആനി ജോൺസൻ, ചെമ്മന്തൂർ
24. രശ്മി സിജു, കുറ്റിയാണി
25. സൂസൻ തോമസ്സ്, പട്ടം

**ക്വെസ്റ്റ് 4-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ**
**ക്വിസ് മാസ്റ്റർ**

# ധാരാളമായ പ്രവേശനം

യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം എങ്ങനെ ധാരാളമായി പ്രാപിക്കാം എന്നൊരു മാർഗ്ഗനിർദ്ദേശം അപ്പൊസ്തലനായ പത്രൊസ് നല്കുന്നുണ്ട്. "ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും" (2 പത്രൊസ് 1:11) എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

എങ്ങനെ ചെയ്താലാണ് ധാരാളമായ പ്രവേശനം ലഭ്യമാകുക എന്നത് വളരെ വിശദമായിത്തന്നെ മുൻവാക്യങ്ങളിൽ കാണുന്നുണ്ട്. വിശ്വാസം മുതൽ സ്നേഹം വരെ എത്തിച്ചേരുന്ന എട്ട് ശ്രേഷ്ഠ ഗുണവിശേഷങ്ങൾ പടിപടിയായി ജീവിതത്തിൽ കൂട്ടിച്ചേർത്തുകൊണ്ട് ഫലസമൃദ്ധമായ ഒരു ക്രിസ്തീയജീവിതം നയിച്ചാണ് നിത്യരാജ്യത്തിലേക്ക് ധാരാളമായ പ്രവേശനം പ്രാപിക്കേണ്ടത്. വിശ്വാസത്തിൽ തുടങ്ങി വിശ്വാസത്തിൽ മാത്രം അവസാനിപ്പിക്കുന്നവർക്ക് തികച്ചും വ്യത്യസ്തമായ പ്രവേശനമായിരിക്കും ലഭിക്കുന്നത്.

തീയിൽക്കൂടെ എന്നപോലുള്ള ഒരു പ്രവേശനത്തെക്കുറിച്ച് അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യവിശ്വാസികളെ ബുദ്ധിയുപദേശിക്കുന്നുണ്ട്. "ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്നു തീ തന്നേ ശോധന ചെയ്യും. ഒരുത്തൻ പണിത പ്രവൃത്തി നിലനില്ക്കും എങ്കിൽ അവന്നു പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവന്നു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽകൂടി എന്നപോലെ അത്രേ" (1 കൊരി. 3:13-15) നിത്യരാജ്യത്തിലേക്കുള്ള പ്രവേശനത്തിനു മുന്നോടിയായ പരിശോധനയിലാണ് യേശുക്രിസ്തുവെന്ന അടിസ്ഥാനത്തിന്മേൽ അല്ലാതെ പണിത ബാഹ്യമായ പണികളും പ്രവൃത്തികളും വെന്തുപോകുന്നത്. അങ്ങനെ, ഭൗതിക ജീവിതത്തിലെ അദ്ധ്വാനം മുഴുവനും നഷ്ടപ്പെട്ട് ലജ്ജിതരായി തീയിൽക്കൂടെ എന്നപോലെ നിത്യരാജ്യത്തിലേക്ക് പ്രവേശിക്കേണ്ടതായി വരുന്ന അവസ്ഥയുടെ ഭയാനകത ഗ്രഹിക്കുമ്പോഴാണ് ധാരാളമായ പ്രവേശനത്തിന്റെ മഹത്ത്വം നമുക്കു മനസ്സിലാകുന്നത്.

മണ്ണിന് മുകളിൽ വളരുന്ന മരം, പുല്ല് വൈക്കോൽ മുതലായവ

നിശ്ചയമായും വെന്തുപോകും. അവ ജഡത്തിന്റെ പ്രവൃത്തികളെയാണ് പ്രതിനിധാനം ചെയ്യുന്നത്. എന്നാൽ മണ്ണിനടിയിൽ നിന്നും കുഴിച്ചെടുക്കുന്ന പൊന്ന്, വെള്ളി, വിലയേറിയ കല്ല് എന്നിവ തീയിലൂടെ കടന്നുപോകുമ്പോൾ കൂടുതൽ ശുദ്ധിയുള്ളതും ശോഭയുള്ളതുമായിത്തീരും. അവ ആത്മാവിന്റെ പ്രവൃത്തികളെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഉപരിപ്ലവമായ പ്രവർത്തനങ്ങളും ആന്തരികവും ആത്മികവുമായ പ്രവർത്തനങ്ങളും തമ്മിൽ അങ്ങനെയാണ് വേർതിരിക്കപ്പെടുന്നത്. തങ്ങൾ സമ്പാദിച്ചതൊക്കെയും കൊണ്ട് തീയാൽ ശുദ്ധീകരിക്കപ്പെട്ടതും വജ്രശോഭയുള്ളതുമായ പ്രവൃത്തികളുമായി നിത്യരാജ്യത്തിലേക്ക് ധൈര്യത്തോടെ പ്രവേശിക്കുമ്പോൾ അത് സ്വന്ത ഭവനത്തിലേക്ക് അഭിമാനത്തോടെ കയറിച്ചെല്ലുന്ന അനുഭവമാണ്. ധാരാളമായ പ്രവേശനമാണ് അത്. വെറുങ്കയ്യോടെ ലജ്ജിതരായി തീയിൽക്കൂടി എന്നപോലെ പ്രാണനാഥനെ അഭിമുഖീകരിക്കുന്നതുമായി താരതമ്യം ചെയ്യുമ്പോഴാണ് ധാരാളമായ പ്രവേശനത്തിന്റെ മഹത്ത്വവും ഔന്നത്യവും വ്യക്തമാകുന്നത്. അത് ആദരവോടെയുള്ള സ്വീകരണവും പ്രവേശനവുമാണ്. ധൈര്യത്തോടും അഭിമാനത്തോടുംകൂടെയുള്ള പ്രവേശനമാണ്. സ്വാതന്ത്ര്യത്തോടും അവകാശത്തോടുംകൂടെയുള്ള പ്രവേശനമാണ്.

ധാരാളമായ പ്രവേശനത്തിനു യോഗ്യമായ പ്രവൃത്തി എന്നത് നാം ഏർപ്പെട്ടിരിക്കുന്ന ബാഹ്യമായ പ്രവർത്തനങ്ങളല്ല. നാം എന്തു ചെയ്തു എന്നതല്ല, ഏത് ഉദ്ദേശ്യത്തോടും മനോഭാവത്തോടും കൂടെ ചെയ്തു എന്നതു മാത്രമാണ് വിലമതിക്കപ്പെടുന്നത്. മനുഷ്യർ കാണുകയും വിലയിരുത്തുകയും ചെയ്യുന്നതുപോലെയല്ല ദൈവം കാണുന്നതും, വിലയിരുത്തുന്നതും. "മനുഷ്യർ കാണേണ്ടതിന്നു, നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ". (മത്താ 6:1) എന്ന മുന്നറിയിപ്പ് പരസ്യമായ പ്രവർത്തനങ്ങളെയും പ്രവർത്തനങ്ങളെ പരസ്യപ്പെടുത്തുന്നതിനെയും നാം എപ്രകാരം വീക്ഷിക്കണമെന്ന് വെളിപ്പെടുത്തുന്നു. ആകയാൽ ആത്മീയജീവിതം കൂടുതൽ ആന്തരികമൂല്യമുള്ളതായിരിപ്പാൻ നമുക്കു കരുതലുള്ളവരായിരിക്കാം. ഉപരിപ്ലവമായതും മനുഷ്യർ കാണേണ്ടതിനുമായുള്ള പ്രവർത്തനങ്ങളുടെ പ്രയോജനമില്ലായ്മ തിരിച്ചറിയാം. വിശ്വാസത്തോടൊപ്പം ശ്രേഷ്ഠഗുണവിശേഷങ്ങളോരോന്നും കൂട്ടിച്ചേർക്കാം. നിത്യരാജ്യത്തിലേക്കുള്ള ധാരാളമായ പ്രവേശനത്തിനായി ഒരുങ്ങാം. ദൈവം അതിന് കൃപ നല്കട്ടെ. ആമേൻ.

**ജെസ്സി ബെൻസെൻ, കൊച്ചി**

# അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത ദൈവം

“വഴിയിൽവെച്ചു ഞാൻ നിന്നെ നശിപ്പിക്കാതിരിക്കേണ്ടതിന്നു ഞാൻ നിന്റെ നടുവിൽ നടക്കയില്ല; നീ ദുശ്ശാഠ്യമുള്ള ജനം ആകുന്നു” (പുറപ്പാട് 33:3).

മോശെയുടെ നേതൃത്ത്വത്തിൽ മിസ്രയീമിൽ നിന്നും യിസ്രായേലിലേക്ക് യാത്രതിരിച്ച ജനത്തിന്റെ നടുവിൽ വസിക്കാൻ ദൈവം ആഗ്രഹിച്ചു. യാത്രയിൽ ഉടനീളം ദൈവത്തിന്റെ സാന്നിധ്യം അവർ അനുഭവിച്ചു. അനേക അത്ഭുത വീര്യപ്രവൃത്തികൾ അവർ കണ്ടു. ഫറവോന്റെ സൈന്യത്തെ കണ്ട് ഭയന്ന ജനത്തെ ചെങ്കടൽ പിളർന്നു അക്കരെ എത്തിക്കുകയും ഫറവോന്റെ സൈന്യത്തെ ചെങ്കടലിൽ മുക്കി കൊന്നു രാവും പകലും യാത്ര ചെയ്യുവാൻ, പകൽ മേഘ സ്തംഭമായും രാത്രി അഗ്നിത്തൂണായും അവരോടുകൂടെ ഇരുന്നു. മാത്രമല്ല സ്വർഗ്ഗീയ മന്നയാൽ അവരെ പോഷിപ്പിച്ചു, തീക്കൽ പാറയിൽ നിന്നും കുടിപ്പാൻ വെള്ളം കൊടുത്തു, കാടപ്പക്ഷികളെ ഇറക്കി ഇറച്ചി കൊടുത്തു. ഒന്നിനും ഒരു കുറവില്ലാതെ അവിടെ അവരെ പോറ്റി.

എന്നാൽ മോശെ ദൈവത്തോട് കൂടെ ആയിരുന്നപ്പോൾ “ഞങ്ങളെ കൊണ്ടുവന്ന മോശെയ്ക്ക് എന്ത് ഭവിച്ചു എന്ന് അറിയുന്നില്ല. അതുകൊണ്ട് ഞങ്ങൾക്ക് മുന്നിൽ നടക്കുവാൻ ഒരു ദൈവത്തെ വേണ”മെന്ന് പറഞ്ഞു ജനം അഹരോന്റ അടുക്കൽ വന്നു കൂടി, അവരുടെ പൊൻകുണുക്കുകൾ കൊണ്ടുവരുവാൻപറഞ്ഞ പ്രകാരം അത് ഉപയോഗിച്ച് ഒരു കാളക്കുട്ടിയെ ഉണ്ടാക്കി കൊടുത്തു. അപ്പോൾ ജനം “നിന്നെ മിസ്രയീമിൽ നിന്ന് കൊണ്ടുവന്ന ദൈവം” എന്നു പറഞ്ഞു അതിന്റെ മുന്നിൽ ബലിയർപ്പിക്കുകയും ഉത്സവം കൊണ്ടാടുകയും ചെയ്തു. ഇത്രമാത്രം ദൈവസന്നിധ്യവും, ദൈവത്തിന്റെ അത്ഭുത പ്രവൃത്തികളും കണ്ട ജനം സർവ്വശക്തനായ ദൈവത്തെ ഒരു കാളക്കുട്ടിക്ക് സമമാക്കി, ദൈവത്തെ കോപിപ്പിച്ചു. ദൈവം ഏറ്റവും കോപിച്ചു. എന്നാൽ മോശെയുടെ സമയോചിതമായ ഇടപെടലിൽകൂടി ദൈവകോപത്തെ ശമിപ്പിച്ചു. എങ്കിലും “ഈ ജനം ദുശ്ശാഠ്യമുള്ളവരാകകൊണ്ട് ഞാൻ അവരുടെ നടുവിൽ നടക്കയില്ല. ഞാനൊരു ദൂതനെ നിനക്ക് മുമ്പായി അയക്കാം. നീ ജനത്തെ പാലും തേനും ഒഴുകുന്ന ദേശത്തേക്ക് തന്നെ കൊണ്ടുപോവുക” എന്നു ദൈവം അരുളിചെയ്തു. “എങ്കിലും അവൻ കരുണയുള്ളവനാകകൊണ്ടു അവരെ നശിപ്പിക്കാതെ

അവരുടെ അകൃത്യം ക്ഷമിച്ചു; തന്റെ ക്രോധത്തെ മുഴുവനും ജ്വലിപ്പിക്കാതെ തന്റെ കോപത്തെ പലപ്പോഴും അടക്കിക്കളഞ്ഞു. അവർ ജഡമത്രേ എന്നും മടങ്ങിവരാതെ കടന്നുപോകുന്ന കാറ്റ് എന്നും അവൻ ഓർത്തു" (സങ്കീർത്തനം 78:38,39).

പ്രിയ ദൈവമക്കളേ നമ്മുടെ പിറുപിറുപ്പും അനുസരണയില്ലായ്മയും ആണ് ദൈവത്തെ നമ്മളിൽ നിന്നും അകറ്റിക്കളയുന്നത്. ദൈവം നമ്മോടുകൂടെ ഉണ്ടെന്ന് കരുതി നമ്മൾ ചെയ്യുന്ന പല കാര്യങ്ങളും നിരാശയോടെ പര്യവസാനിക്കുന്നത് ഇതുതന്നെയല്ലേ? ഭൂതലത്തിൽ വെച്ച് ഏറ്റവും സൗമ്യനായ മനുഷ്യൻ എന്നു ദൈവത്തിൽനിന്നും വിശേഷത ലഭിച്ച മോശെ ദൈവത്തിന്റെ മനസ്സ് അറിയുന്ന മനുഷ്യനായിരുന്നു. അവൻ കൂടാരം എടുത്ത് പാളയത്തിന്നു പുറത്ത് ദൂരത്ത് അടിച്ചു. സമാഗമനകൂടാരം എന്ന് പേരിട്ടു. യഹോവയെ അന്വേഷിക്കുന്നവരെല്ലാം പുറപ്പെട്ടു പാളയത്തിനു പുറത്തുള്ള സമാഗമന കൂടാരത്തിലേക്ക് ചെല്ലണം. അവരുടെ നടുവിൽ നടക്കാനാഗ്രഹിച്ച ദൈവം പാളയത്തിനു പുറത്ത് അവരിൽനിന്ന് അകന്നു ദൂരെ മാറി. ജനത്തിനു ദൈവത്തെ അന്വേഷിച്ച് പുറത്തു ചെല്ലേണ്ടി വന്നു. ദൈവത്തിന്റെ ഹൃദയവേദന ഒന്ന് ഓർത്തു നോക്കുക. ഇന്ന് പുതിയനിയമ വിശ്വാസികൾ ആയിരിക്കുന്ന നമ്മുടെ ഹൃദയത്തിൽ കർത്താവു ആത്മാവായി വസിക്കുന്നു, നമ്മുടെ പ്രവൃത്തികൾ ദൈവത്തെ സന്തോഷിപ്പിക്കുന്നതാണോ അതോ ആത്മാവ് വിഷാദിച്ച് ഞരങ്ങുകയാണോ?

മോശെ കൂടാരത്തിൽ കടക്കുമ്പോൾ മേഘസ്തംഭം ഇറങ്ങി കൂടാരവാതിരിക്കൽ നില്ക്കയും യഹോവ മോശെയോട് സംസാരിക്കുകയും ചെയ്തു. ഒരുത്തൻ തന്റെ സ്നേഹിതനോട് സംസാരിക്കുന്നതുപോലെ യഹോവ മോശെയോട് അഭിമുഖമായി സംസാരിച്ചു ജനത്തിനും ദൈവത്തിനും മധ്യത്തിൽനിന്നു അവൻ സംസാരിച്ചു.

ദൈവത്തിന്റെ അരുളപ്പാട് അനുസരിച്ച് ജനം ആഭരണം ഉപേക്ഷിക്കുകയും, അവരുടെ തെറ്റുകൾ തിരുത്തി, ദൈവസാന്നിധ്യം കാണുമ്പോൾ കൂടാരവാതിൽക്കൽ നിന്ന് ദൈവത്തെ നമസ്കരിക്കുകയും ചെയ്തു. അപ്പോൾ മോശെ "എന്നോട് കൃപയുണ്ടെങ്കിൽ നിന്റെ വഴി എന്നെ അറിയിക്കേണമേ; ഈ ജാതി നിന്റെ ജനം എന്ന് ഓർക്കണം" (പുറ.33:13) എന്ന് അപേക്ഷിച്ചു. ദീർഘക്ഷമാലുവായ ദൈവത്തിന്നു മോശെയോട് കരുണതോന്നി, "എന്റെ സാന്നിധ്യം നിന്നോടുകൂടെ പോരും, നിനക്ക് സ്വസ്ഥത നല്കും" എന്ന് അരുളി ചെയ്തു. പ്രിയ ദൈവമക്കളേ ദൈവത്തിന്റെ തീരുമാനത്തെ മാറ്റി ചിന്തിപ്പിക്കാൻ മോശെയ്ക്കു കഴിഞ്ഞു. ഈ ജനത്തിന്റെ കൂടെ ഞാൻ

പോരില്ല എന്ന് അരുളിച്ചെയ്തുവെങ്കിലും. ആ തീരുമാനം മാറ്റി കൂടെപോരാമെന്നു യഹോവ മോശെയോടു അരുളിച്ചെയ്തു. ദൈവത്തെ അടുത്തറിയുന്ന ഏതൊരു വ്യക്തിക്കും ദൈവത്തിന്റെ ഉഗ്രകോപത്തെ ശമിപ്പിച്ചു ദൈവ സ്നേഹത്തിൽ നിറയുവാൻ നമ്മുടെ താഴ്മയോടുകൂടിയ ദൈവഹിത പ്രകാരമുള്ള പ്രാർത്ഥനയ്ക്കു കഴിയും. നാം മുടിഞ്ഞു പോകാതിരിക്കുന്നത് അവിടുത്തെ ദയ ഒന്നുമാത്രമാണ്. മനുഷ്യൻ പാപം ചെയ്യുമ്പോൾ ദൈവം ദുഃഖിച്ചു അകന്ന് പോകുന്നു, എങ്കിലും അവൻ വേദനിച്ചു കരയുമ്പോൾ ഓടിച്ചെന്ന് മാറോട് ചേർത്ത് ആശ്വസിപ്പിക്കുകയും ചെയ്യുന്ന ദൈവസ്നേഹത്തെയാണ് വിശുദ്ധ വേദപുസ്തകത്തിൽ ഉടനീളം കാണുന്നത്.

എത്രയോ തെറ്റുകളും, കുറ്റങ്ങളും, പോരായ്മകളും നമ്മുടെ ജീവിതത്തിൽ കടന്നുവരുന്നുണ്ട്. എന്നാൽ നാം അറിയാതെപോലും നമുക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഒരു കൂട്ടം ദൈവമക്കൾ ഉള്ളതു കൊണ്ടാണ് നമ്മുടെ ജീവിതം ഇത്ര സമാധാനത്തോടെ മുന്നോട്ട് പോകുന്നത് എന്ന് ഓർക്കണം. നമ്മുടെ പല പ്രവൃത്തികളും ദൈവ കോപത്തിന് കാരണമായി തീർന്നു എന്ന് വരാം. എന്നാൽ നമുക്കു വേണ്ടി ഇടിവിൽ നിന്ന് പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥന ദൈവം കേട്ടു, വരാവുന്ന ആപത്ത് അനർത്ഥങ്ങളിൽ നിന്നു നമ്മെ വിടുവിച്ച് ഈ ദുഷ്ട ലോകത്ത് ക്ഷേമമായി പോറ്റുന്നു എന്നോർത്ത് ദൈവത്തിന് നന്ദിയും, സ്തുതിയും അർപ്പിക്കാം. നമ്മേ ഓർത്തു പ്രാർത്ഥിക്കുന്ന ദൈവമക്കൾക്കുള്ള നന്ദിയും ഈ സമയം അറിയിക്കാം. ദൈവനാമ ത്തിനു മഹത്ത്വം ഉണ്ടാകട്ടെ.

**മഹേശ്വരി പുരന്ദരൻ**

---

*പേജ് 21 ന്റെ തുടർച്ച (കാൽവരിയിലെ പ്രശംസ)*

“ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി.” (2 കൊരി. 5:17). പുതുമനുഷ്യനായി ക്രിസ്തു വിനെ ധരിച്ചുകൊണ്ടും കർത്താവിലും അവന്റെ അമിതബലത്തിലും ആശ്രയിച്ചും പ്രശംസിച്ചും മുന്നേറാം. കാൽവരി ക്രൂശിൽ മാത്രം പ്രശംസ അർപ്പിച്ച് ക്രിസ്തീയ ജീവിതം ധന്യമാക്കാം. സർവ്വവല്ലഭനായ നമ്മുടെ രക്ഷാനായകനും പിതാവായ ദൈവവും അതിനു സഹായി ക്കട്ടെ. അവന്റെ വലിയ നാമത്തിന് മഹത്ത്വം. ആമേൻ.

**തങ്കമ്മ സാം, തിരുവനന്തപുരം**

# ആരാ നിങ്ങളുടെ നേതാവ് ?
# എന്താ നിങ്ങളുടെ പരിപാടി ?

എന്തിനോടാണ് പ്രതിഷേധിക്കുന്നത് എന്ന് വ്യക്തമായി അറിയാത്ത ഒരു സംഘം ചെറുപ്പക്കാർ അലറി വിളിച്ച മുദ്രാവാക്യത്തിൽ നിന്ന് ഞാൻ ഓർക്കുന്ന ഭാഗമാണ് മുകളിലുദ്ധരിച്ചത്. ഞാൻ ഈ ജയിൽ കവാടത്തിൽ എത്തിയപ്പോൾ വൃദ്ധയായ ഒരു സ്ത്രീയും 10 വയസ്സിൽ താഴെയുള്ള രണ്ടു കുട്ടികളും ഒരു തടവുകാരനെ കാണുവാൻ വന്നിട്ടുണ്ടായിരുന്നു. അവരോട് കുശലം പറഞ്ഞശേഷമാണ് ഞാൻ ഉള്ളിലേക്ക് വന്നത്. മകനെ കാണുവാൻ മാതാവും അച്ഛനെ കാണുവാൻ മക്കളുമാണ് വന്നിരിക്കുന്നതെന്ന് ഓഫീസിൽനിന്നും മനസ്സിലായി. നിങ്ങളിൽ ആരെയെങ്കിലും കാണുവാനായിരിക്കാം അവർ വന്നിരിക്കുന്നത്.

ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ
**"തടവുകാരെ തേടി"**
എന്ന പുസ്തകത്തിൽ നിന്നും

സംഭവിച്ചുപോയ കുറ്റകൃത്യം ഒരു മകനെ ഇവിടെ ആക്കി അയാൾ ചില വർഷങ്ങൾ ശിക്ഷയിൽ ഇവിടെ കഴിയേണ്ടി വരുന്നു. നിരപരാധികളായി അമ്മയും അയാളുടെ മക്കളും ശിക്ഷ അനുഭവിച്ചുകൊണ്ട് വെളിയിലും. ഒരു പക്ഷെ ലഹരിയുടെ സ്വാധീനതയിലോ, അടങ്ങാത്ത കോപത്താലോ, പരപ്രേരണയാലോ, ആയിരിക്കും കൃത്യം നടന്നത്. ഇനി അതിന്റെ പോസ്റ്റുമോർട്ടം നടത്തിയിട്ട് കാര്യമില്ല. സംഭവിക്കാൻ പാടില്ലാത്തതാണല്ലോ സംഭവിച്ചത്.

ഒരു പക്ഷെ നിങ്ങൾ വളരെ ദുഃഖിക്കുന്നുണ്ടാവാം. 'എങ്കിലും ഞാൻ അതു ചെയ്തല്ലോ, സ്നേഹിക്കേണ്ട ഭാര്യയെ ഞാൻ ഇല്ലാതാക്കിയല്ലോ.' നീറുന്ന ഹൃദയവുമായിട്ടായിരിക്കാം ഇവിടെ നിങ്ങൾ കഴിയുന്നത്. 'ആശുപത്രിയിലും ജയിലിലും സമയം നിരങ്ങിയെ നീങ്ങുകയുള്ളൂ' എന്ന ചൊല്ലിനോട് നിങ്ങളും സമ്മതം മൂളുന്നുണ്ട്. ഉറങ്ങാൻ കഴിയാത്തതും, ഇടയ്ക്കിടെ ഞെട്ടി ഉണരുന്നതുമായ രാത്രികളല്ലേ, ജയിലുകൾ നല്കുന്നത് ആകട്ടെ, സുഹൃത്തുക്കളേ, നിങ്ങൾ ആഗ്രഹിക്കാത്തിടത്ത് എത്തി. കഴിയാൻ ആഗ്രഹിക്കാത്തിടത്ത് ഇനി വേറൊരാൾ പറയുന്നതു വരെ കഴിയണം. ജീവിതം, എന്താണതിനർത്ഥം? സാഹചര്യങ്ങൾ എന്തു തന്നെ ആയാലും ജീവിച്ചു തീർക്കണം. പക്ഷെ നിങ്ങളിൽ ചിലർ തിരിഞ്ഞുനോട്ടം നടത്തുന്നുണ്ടായിരിക്കാം. തിരിഞ്ഞുനോട്ടം ദീർഘശ്വാസത്തോടെയായിരിക്കും അവസാനിപ്പിക്കുന്നത്. മ്ലാനവും നിരാശ നിറഞ്ഞതുമായ മുഖമായിരിക്കും മറ്റൊരാൾ നിങ്ങളിൽ കാണുന്നത്.

ഞാൻ ആദ്യം ഉയർത്തിയ രണ്ടു ചോദ്യങ്ങളിലൂടെ നമുക്ക് ഒന്നിറങ്ങിച്ചെല്ലാം. ആരാണ് നിങ്ങളുടെ നേതാവ്? ഈ രംഗം വരെ എത്തിച്ചതാരാണ്. ഒരു പക്ഷേ പലരുടെ ചിത്രം ഓർമ്മയിൽ തെളിയുന്നുണ്ടാകും. കൂട്ടുകെട്ടിനെ പഴി പറയാം. വ്യവസ്ഥിതിയെ കുറ്റം പറയാം. എന്നാൽ ഒന്നു തീർച്ച ഇവിടെ വരുവാനുള്ളതിനുള്ള പ്രധാന കാരണക്കാരൻ നിങ്ങൾ തന്നെ അല്ലേ? ജീവിക്കുവാൻ ആരും ആഗ്രഹിക്കുന്ന ഇടമല്ല ജയിൽ, എന്തെല്ലാം സൗകര്യങ്ങൾ വർദ്ധിപ്പിച്ചുതന്നാലും ഒരു ദിവസം പോലും ഇവിടെ കഴിയുവാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ല.

നമുക്ക് സൃഷ്ടിയിൽ തന്നെ ലഭിച്ചിട്ടുള്ള ഒരു കഴിവും അഭിരുചിയുമാണ് അനുകരണവാസന. അറിഞ്ഞും അറിയാതെയും നാം ചില വ്യക്തികളെയും ചില രീതികളെയും അനുകരിക്കുന്നു. ചില വ്യക്തികളും രീതികളും നമ്മെ ആകർഷിക്കുന്നു, സ്വാധീനിക്കുന്നു. നമ്മിൽ ആധിപത്യം ഉറപ്പിക്കുന്നു. അന്ധമായി അവരെയും കാര്യങ്ങളെയും നാം അനുധാവനം ചെയ്യുന്നു. വിവേചനമില്ലായ്കയാൽ ജീവിതം കയ്പ്പുള്ളതായി, വേദനയും ദുഃഖവും നിറഞ്ഞതായി തീരുന്നു. അതു വേണ്ടായിരുന്നു എന്ന് ചിന്തിക്കുവാൻ തുടങ്ങുമ്പോഴേക്കും നാശം ചെയ്തു കഴിഞ്ഞിരിക്കും. താത്ത്വികമായി മാത്രമല്ല. അനുഭവത്തിലൂടെയും ഇത് ശരിയെന്ന് നിങ്ങൾ സമ്മതിക്കുമല്ലോ,

നമ്മെ നയിക്കുന്ന വ്യക്തികളും പരിപാടികളും ചിലപ്പോൾ പെട്ടെന്നും ചിലപ്പോൾ സാവധാനമായും ആയിരിക്കും നമ്മെ വീഴിക്കുന്നത്. ദക്ഷിണാഫ്രിക്കയിലെ ക്രൂൺ സ്റ്റാഡ് ജയിലിൽ പരിചയപ്പെട്ട ദാനിയേൽ എന്ന യുവാവിനെ ഞാൻ ഓർക്കുന്നു. മദ്യവും മയക്കുമരുന്നും മെല്ലെയാണ് അവനെ വീഴിച്ചത്. കൂട്ടുകാരുമൊത്ത് ഒരു ആഘോഷത്തിനു പോയപ്പോൾ അവരുടെ നിർബന്ധത്തിനു വഴങ്ങി ആരംഭിച്ച മദ്യസേവ അവനെ മെല്ലെ മെല്ലെ ഒരു സ്ഥിരം മദ്യപാനിയാക്കി. അത് അറവുശാലയിലേക്ക് കൊണ്ടുപോകുന്ന മൃഗത്തെപോലെ ഒടുവിൽ ഒരു കൊലക്കേസിൽ അവനെ എത്തിച്ചു. തെറ്റായ ചെറിയ ആരംഭമായിരുന്നു. പക്ഷെ ഇന്നവന്റെ തലയ്ക്ക് മീതെ 25 വർഷം ശിക്ഷയുണ്ട്. ആരംഭത്തിൽ രസിപ്പിച്ച മദ്യം ഒടുവിൽ അവനെ പൂർണ്ണമായും അതിന്റേതാക്കി. ദാനിയേലിന്റെ ജീവിതത്തിന്റെ നിയന്ത്രണം മദ്യം ഏറ്റെടുത്തു. തുടർന്ന് മദ്യത്തിന്റെ പരിപാടി ദാനിയേലിൽ നടത്തി. അസാന്മാർഗ്ഗികതയുടെയും സദാചാര വിരുദ്ധതയുടെയും വിത്തുകൾ മുളയ്ക്കുവാനും വളരുവാനും അനുയോജ്യമായ സാഹചര്യങ്ങൾകൂടി ലഭിക്കുമ്പോൾ അവ എത്തിപ്പെടുവാൻ ആഗ്രഹിക്കാത്ത രംഗത്ത് നമ്മെ എത്തിക്കും. അതിലൊരു സ്ഥാനമാണ് ജയിൽ. ഇവിടെ നിങ്ങൾ എത്തികഴിഞ്ഞു.

**വിശ്വജ്ഞാനിയായ സോളമന്റെ വാക്കുകൾ ശ്രദ്ധിക്കുക:**

ആർക്കു കഷ്ടം, ആർക്കു സങ്കടം, ആർക്കു കലഹം? ആർക്ക് ആവലാതി, ആർക്ക് അനാവശ്യമായ മുറിവുകൾ, ആർക്കു കൺചുവപ്പു? വീഞ്ഞു കുടിച്ചുകൊണ്ടു നേരം വൈകിക്കുന്നവർക്കും മദ്യം രുചിനോക്കുവാൻ പോകുന്നവർക്കും തന്നേ. വീഞ്ഞു ചുവന്നു പാത്രത്തിൽ തിളങ്ങുന്നതും രസമായി ഇറക്കുന്നതും നീ നോക്കരുത്. ഒടുക്കം അതു സർപ്പംപോലെ കടിക്കും അണലിപോലെ കൊത്തും, നിന്റെ കണ്ണു പരസ്ത്രീകളെ നോക്കും. നിന്റെ ഹൃദയം വക്രത പറയും നീ നടുക്കടലിൽ ശയിക്കുന്നവനെപ്പോലെയും പാമരത്തിന്റെ മുകളിൽ ഉറങ്ങുന്നവനെപ്പോലെയും ആകും. അവർ എന്നെ അടിച്ചു എനിക്കു നൊന്തില്ല; അവർ എന്നെ തല്ലി, ഞാൻ അറിഞ്ഞതുമില്ല. ഞാൻ എപ്പോൾ ഉണരും? ഞാൻ ഇനിയും അതു തന്നേ തേടും എന്നു നീ പറയും (സദൃശ. 23:29–35).

സ്നേഹിതരേ ഒരു ജീവിതമേ ജീവിക്കുവാനുള്ളു എങ്ങനെ ആ ജീവിതം നയിക്കണം എന്ന് ഇനി നിങ്ങൾക്കുവേണ്ടി മറ്റാരും മറ്റൊന്നും തീരുമാനിക്കുവാൻ അനുവദിക്കരുത്. ഓരോ മനുഷ്യനും വ്യക്തിത്വവും സ്വാതന്ത്ര്യവും ഉള്ളവനാണ്. ജീവിതത്തിന്റെ കടിഞ്ഞാൺ നിങ്ങളുടെ കൈയിൽ തന്നെയാണ്. ഏതു ദിശയിലേക്ക് തിരിക്കണം എന്ന് നിങ്ങൾ തീരുമാനിക്കുക. എടുത്ത തിരിവ് പിശകിപ്പോയി എന്ന് ഞാൻ പറയാതെ അറിയാമല്ലോ ആ പിശകിന്റെ ഫലമായിട്ടാണ് ഈ ജയിലിൽ വരുവാൻ ഇടയായതെങ്കിൽ ഇവിടെ വച്ചു തന്നെ ശരിയായ ദിക്കിലേക്ക് വണ്ടി തിരിച്ചുവിടുവാനുള്ള ആദ്യപടി ചെയ്യണം.

ഇതുവരെ നിങ്ങളെ നയിച്ച സ്വാർത്ഥത, ദ്രവ്യാഗ്രഹം, കുറഞ്ഞ മൂല്യങ്ങൾ, ശത്രുത, അസൂയ, അഹങ്കാരം, വഴിതെറ്റിയ കൂട്ടുകെട്ട് ഇവയെല്ലാം, അഥവാ പാപത്തിന്റെ പ്രമാണങ്ങളും വഴികളും നിങ്ങളെ ഇവിടെ എത്തിച്ചു എങ്കിൽ അവയോട് യാത്ര പറയാം. അവസരങ്ങൾ തീർന്നു പോയിട്ടില്ല. നമ്മുടെ ജീവിതത്തെ നല്ല വഴിയിലൂടെ കൊണ്ടുപോകുവാൻ ശക്തനും പ്രാപ്തനുമായ ഒരുനല്ല സുഹൃത്തിനെ, നിങ്ങളെ നിയന്ത്രിക്കുവാനും നിങ്ങൾക്ക് പരിജ്ഞാനം നല്കി, കൈക്ക് പിടിച്ച് നടത്തുവാൻ മനസ്സുള്ള ഒരാളെ നിങ്ങൾക്ക് ആവശ്യമാണ്. നിങ്ങളുടെ സുഖവും ദുഃഖവും വേദനയും, ദാരിദ്ര്യവും സമ്പന്നതയും മനസ്സിലാക്കുവാൻ കഴിയുന്ന, പാപികളുടെയും പതിതരുടെയും സ്നേഹിതനെന്ന് ലോകം മുദ്രയടിച്ച സകല മനുഷ്യരുടെയും പാപ ത്തിന്റെ പ്രായശ്ചിത്തത്തിനായി ബലിയായിത്തീർന്ന യേശുക്രിസ്തു

വിനു മാത്രമേ അതു സാധിക്കയുള്ളൂ. മതത്തിനോ തത്ത്വസംഹിത കൾക്കോ കഴിയുകയില്ല.

യേശുക്രിസ്തുവിനെ നിങ്ങൾ കാണണം. അറിയണം, അംഗീകരിക്കണം. അനുഗമിക്കണം. അദ്ദേഹം ജീവിതത്തിന്റെ ഗതിമാറ്റി തരും. ശ്രേഷ്ഠമായ ജീവിതലക്ഷ്യം നല്കും അദ്ദേഹം ജീവിതത്തിന്റെ നേതൃസ്ഥാനം ഏറ്റെടുക്കുമ്പോൾ എല്ലാം പുതുതായിരിക്കും. യേശുക്രിസ്തുവിന്റെ സ്വഭാവവും ജീവിതശൈലിയും നിങ്ങളിലൂടെ വ്യാപരിക്കും. യേശുക്രിസ്തു നിങ്ങളുടെ കൈപിടിച്ച് നിങ്ങളെ നടത്തുമ്പോൾ ലക്ഷ്യം പുതുതായി തീരും പ്രതീക്ഷകൾ ഉണരും. സ്വപ്നങ്ങൾ വർണ്ണാഭമാകും ജീവിതം അനേകർക്ക് നന്മയും അനുഗ്രഹവും ചൊരിയുവാൻ മതിയായിതീരും.

എന്തുകൊണ്ട്? യേശുക്രിസ്തു പാപം ചെയ്യാതെ, തെറ്റുകുറ്റവും ചെയ്യാതെ ജീവിച്ചതിനാൽ, അനേകർക്ക് നന്മ മാത്രം ചെയ്ത് ജീവിച്ചതിനാൽ, സകല മനുഷ്യരുടെയും പാപത്തിന്റെ ശിക്ഷ സ്വയം ഏറ്റെടുത്ത് കുരിശിൽ മരിച്ച് ഉയിർത്തെഴുന്നെറ്റതിനാൽ ഏതു പാപിയെയും സ്നേഹിച്ച്, പാപം ക്ഷമിച്ച് പുതുജീവിതം നല്കുവാൻ കഴിവും സ്നേഹവും ഉള്ളതിനാൽ എത്രയോ തകർന്ന ജീവിതങ്ങളെ പുതുക്കിപ്പണിതിട്ടുള്ളതിനാൽ 'എന്റെ അടുക്കൽ വരുന്നവനെ, ഞാൻ ഒരുനാളും തള്ളിക്കളകയില്ല. ഉപേക്ഷിക്കയുമില്ല എന്ന് അരുളിച്ചെയ്യുക മാത്രമല്ല അതു നിർവ്വഹിക്കുകയും ചെയ്യുന്ന ദൈവവുമാകയാൽ നിങ്ങൾക്കും യേശുവിനെ വിശ്വസിക്കാം. നിരാശപ്പെടേണ്ടി വരികയില്ല.

ക്രിസ്തുവിനു മാത്രമേ അവരുടെ ജീവിതനായകനായി ഗതി മാറ്റി വിടുവാൻ കഴിയുകയുള്ളു. ഈ നിലയിൽ ജീവിതങ്ങൾക്ക് മാറ്റം വന്ന അനേകായിരം ആളുകൾ ഇന്ന് ലോകത്തിലുണ്ട്. ജീവിതത്തിനു രൂപാന്തരം വരുത്തുന്നു എന്നു മാത്രമല്ല ജീവിത നൗകയുടെ കപ്പിത്താനായി ക്രിസ്തു അവരെ സന്തോഷത്തിലും സമൃദ്ധിയിലും നടത്തുന്നു. ഇതാ ഈ അവസരം നിങ്ങൾക്കും വിനിയോഗിക്കാം. ഞാനതിനു നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ശ്രദ്ധിച്ചു കേട്ടതിന് നന്ദി. ജയിൽ ഉദ്യോഗസ്ഥന്മാരേ, നിങ്ങളുടെ സേവനം ഈ പ്രിയപ്പെട്ടവർക്കും ഗവൺമെന്റിനും സമൂഹത്തിനും നിങ്ങൾക്കും അനുഗ്രഹമായിത്തീരട്ടെ. ചെയ്തുതന്ന ഉപകാരങ്ങൾക്ക് നന്ദി പറയുന്നു.

(ജപ്പാനിലെ ടോക്കിയോ ജയിലിൽ ചെയ്ത പ്രസംഗത്തിന്റെ സംക്ഷേപം)

**ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം**

# Abraham: A man of faith and peace

Throughout Abraham's life we see many events and demonstrations of faith and peace and we can use this as an encouragement for us and to help us, even when times are hard. In Hebrews Ch. 11 we see the phrase by faith Abraham repeated 3 times, showing us what a faithful man Abraham was. He kept close to God and followed his guidance, even when his own nephew Lot, left him for the pleasures of this world. He prayed about everything and always obeyed the Lord, no matter what the task was.

**Faith (Genesis 12)**

The first instance of Faith in Abraham's life is seen when he is first mentioned in Genesis Chapter 12. It is also seen in Hebrew Chapter 11. By faith Abraham obeyed when he was called to go out to the place which he would receive as an inheritance. And he went out, not knowing where he was going. God told Abraham to go away from his country and family. This must have been very hard for Abraham to do, especially after his father had just died. His brothers must have thought him crazy for leaving the comfort of his old life and travelling on a course led by God. This is what the Lord Jesus Christ did for us. He gave us a way to leave this world and enter into the glories of his salvation. Just as Abraham, we do not know the way that God has planned for us, but God will shepherd us all the way. Most probably the people that lived there thought him mad for going somewhere he did not know and sometimes our people in this world will make us feel that way, but just as God greatly blessed Abraham, he will bless us too. We have to trust God in everything, and we learn in Abraham's life that when he diverted, judgement also followed. The first instance was when he diverted to Egypt. He didn't seek God's help in this and as a result a great plague came upon Egypt. We too should always seek God's guidance in anything that we do. The second instance was when he took Hagar as his wife and gave birth to Ishmael. The decision at that time seemed alright to Abraham and Sarah but it would affect Israel greatly in the future. Even now the political consequences

can be seen, and it can be traced all the way back to Abraham's decision. It may seem alright at first but only God knows what is best for us and we should always ask him, no matter how big the problems, what to do.

**Peace (Genesis Chapter 13)**

In Genesis chapter 13 we see a great demonstration from Abraham of what to do in troubling situation. This passage opens with Abraham setting up his tent between Bethel and Ai. We read a lot of these two places later on in the Bible and each one has its own significance. We learn in Joshua Chapter 7 that because Achan sinned the anger of the LORD burned against the children of Israel. It makes think back to the Garden of Edan where because both Adam and Eve ate the fruit, God punished the whole of humanity. Paul sums it up well in Romans Chapter 5:12; Therefore, just as through one man's sin entered the world. God told Israel not to take any spoil, but Achan disobeyed and took what he wanted. God told Adam and Eve not to eat of the fruit of the tree of knowledge of good and evil, but Eve still listened to the Devil and ate of the fruit. In both cases, God punished the entire group of people. But to the opposite of Ai we read of another place called Bethel. This is the place where Jacob, in Genesis Ch. 28 has his dream of angels going up and down to heaven. That morning he called the name of that place Bethel, which means House of God. We see that on one side, there is a place that speaks to us of this evil world on which we live in, but on the other side the House of God. Sometimes this choice comes to us as well and we must make the decision whether to go to a Sunday meeting or to go to a party that your friend has invited you to.

Soon after Abraham pitches his tent, a quarrel starts between Abraham's shepherds and Lot's shepherds. In this situation, Abraham could have been angry at his nephew but instead he calmly says to Lot, "Please let there be no strife between you and me, and between my herdsmen and your herdsmen; for we are brethren." We should never fall out with anyone in the church whatever the matter may be. In Phillipians Chapter 4, Paul is heartbroken when hears that Euodia and Syntyche have fallen out. He urges the brethren to help these women and we too should be in that mindset of helping people who may not get on well with others.

Abraham then takes Lot up a hill and asks him to choose which way to go. Lot chose the wrong decision and went back to the worldly ways of life. We see that on the outside Sodom and Gomorrah looked like a garden but we only have to go a few verses further to read what the inside was like. Genesis 13:13 tells us that the men of Sodom were exceedingly wicked and sinful against the LORD. Another character we read of in Genesis that didn't seek God's guidance. In the end we read in Genesis 19:36-38 that out of him comes two of the most evil tribes, Moab and Ammon. How sad is it when we look at his uncle and that because of the dedication and faith to the Lord, he would give birth to the tribe of Israel.

Abraham chose God's way and chose the way that would please God. When we are faced with these decisions, we should always choose God's way. He blessed Abraham for it and he will bless us too.

In all this, we see one character of Abraham's constantly portrayed. His love for God and others. Because he loved God he had faith in him, knowing that God would always do best for him. He loved Lot and his herdsmen and kept his peace with them. His life was marked by Love for others, and this is demonstrated in Genesis 18. Lot left Abraham for the cares of this world but Abraham still loved him. When Sodom was captured, he sent an army of men to bring him back. When he heard from the three messengers that God was going to destroy Sodom, Abraham interceded for him. He didn't care what Lot had done to him, he wanted to save him. He prayed to God to save Sodom for the sake of Lot. We see in Hebrews 7:25 that Christ does the same for us. Therefore He is also able to save to the uttermost those who come to God through Him, since He always lived to make intercession for them. The writer of the Hebrews tells us that Christ is our Great High Priest and that he intercedes to the Lord for us. Whatever we do the Lord loves us. Abraham begged the Lord to save Lot and he heard him. The wickedness of Sodom was so great that it had to be destroyed. However, it tells us in Genesis 19:29 that God remembered Abraham and saved Lot. This world is so sinful that God has to destroy it but he has made a way, through his son, that many can be saved. He has made a way for us to be saved from the righteous judgement of God and to live with him eternally.

**Ethan Sam,** Bath, U.K.

## Bible Quiz

**ഈ ലക്കം Quest 5 – ലെ ചോദ്യങ്ങൾ സങ്കീർത്തനങ്ങൾ 101 – മുതൽ 150 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നുമാണ്.**

1. സീയോൻ പർവ്വതത്തിൽ പെയ്യുന്ന മഞ്ഞ് ഏത്?
2. ഹാമിന്റെ ദേശത്ത് വന്ന് പാർത്തത് ആര്?
3. യഹോവ ആകാശത്തെ മൂടുന്നത് എന്തുകൊണ്ട്?
4. നിലം ഉഴുതു മറിച്ചിട്ടിരിക്കുന്നതുപോലെ പാതാളത്തിന്റെ വാതിൽക്കൽ ചിതറിക്കിടക്കുന്നത് എന്ത്?
5. ഏത് നദിയുടെ തീരത്തിരുന്നാണ് സീയോനെ ഓർത്ത് സങ്കീർത്തനക്കാരൻ കരഞ്ഞത്?
6. യഹോവ ഏതു സ്ഥലമാണ് തന്റെ വാസസ്ഥലമാക്കുവാൻ ഇച്ഛിച്ചത്?
7. യഹോവേ, നിന്റെ വചനം എന്നേക്കും സ്ഥിരമായിരിക്കുന്നു. എവിടെ?
8. യിസ്രായേലിനെ അവന്റെ അകൃത്യങ്ങളിൽ നിന്നൊക്കെയും വീണ്ടെടുത്തത് ആര്?
9. ആരാണ് പല്ലുകടിച്ച് ഉരുകി പോകുന്നത്?
10. തമ്മിൽ ഇണക്കിയ നഗരമായി പണിതിരിക്കുന്നത് എന്തിനെയാണ്?
11. പെരുഞ്ഞാറയ്ക്ക് പാർപ്പിടമാകുന്നത് എന്ത്?
12. ന്യായത്തെ പ്രമാണിക്കുന്നവരും എല്ലായ്പ്പോഴും നീതി പ്രവർത്തിക്കുന്നവനും എങ്ങനെയുള്ളവരാണ്?
13. യഹോവയുടെ കൃപകളെ ചിന്തിക്കുന്നത് ആര്?
14. യഹോവയുടെ മഹത്ത്വം എന്തിനുമീതെ ഉയർന്നിരിക്കുന്നു?
15. യഹോവയുടെ കൈകളുടെ പ്രവൃത്തികൾ എങ്ങനെയുള്ളവയാണ്?
16. -------- സമാധാനത്തിന്നായി പ്രാർത്ഥിപ്പിൻ.
17. ദുഷ്ടന്മാരുടെ -------- നീതിമാന്മാരുടെ അവകാശത്തിന്മേൽ ഇരിക്കയില്ല
18. യഹോവ ദൈവമായിരിക്കുന്ന ജനം -------- തന്നെ
19. ഞാൻ പരദേശിയായി പാർക്കുന്ന വീട്ടിൽ നിന്റെ ചട്ടങ്ങൾ എന്റെ എന്ത് ആകുന്നു?
20. രക്ഷ ആരോട് അകന്നിരിക്കുന്നു?

### പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 5-ന്റെ ഉത്തരങ്ങൾ 2025 ഫെബ്രുവരി 28-നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ, വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാട്ട്സ് ആപ്പ് നമ്പർ : 9087144349, : 8281748768**

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :

Good News Educational Society
P.O. Box 2501, M.C.P.O. Trivandrum - 695011

**Printed at Grace Printers, Muttada, Trivandrum (Mob: 9447059891)**
**for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11**